بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 10

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 മെയ് 12/ഹി:ശം:1395 ഹിജ്റത്ത് 12/ഹി:ഖ: 1437 ശഅ്ബാൻ 04


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 ഏപ്രിൽ 08ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**അഹോ കഷ്ടം! എന്റെ എതിരാളികൾക്ക് ഇത്രമാത്രം പരാജയമുണ്ടായിട്ടും എന്നെ സംബന്ധിച്ച് 'ഇയാളുടെ പിന്നിൽ ഒരു കൈ പ്രവർത്തിക്കുന്നുണ്ടെന്നും ആ കൈയാണ് അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും ഇയാളെ രക്ഷിക്കുന്നതെന്നുമുള്ള ചിന്ത ഒരിക്കലും അവർക്കുണ്ടായില്ല. അവർ നിർഭാഗ്യരല്ലായിരുന്നെങ്കിൽ, അവരിൽനിന്ന് ആക്രമണമുണ്ടായപ്പോഴെല്ലാം അവരുടെ ദ്രോഹത്തിൽനിന്ന് അല്ലാഹു എന്നെ രക്ഷിച്ചത് അവർക്കൊരു മുഅ്ജിസത്താകുമായിരുന്നു. രക്ഷിച്ചുവെന്ന് മാത്രമല്ല, രക്ഷിക്കുമെന്നുള്ള അറിയിപ്പ് മുൻകൂട്ടി തന്നുകൊണ്ടാണ് രക്ഷിച്ചത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"ഇപ്പറഞ്ഞതിൽനിന്ന് ദൈവദൂതനെ വിശ്വസിക്കൽ മൂലകാരണത്തെ വിശ്വസിക്കുന്നതുപോലെ തന്നെയാണെന്ന് മനസ്സിലാകുന്നു. അതിന്റെ പരസ്പരബന്ധം ഒന്നിനെ മറ്റൊന്നിൽനിന്ന് വേർപ്പെടുത്താൻ സാധിക്കാത്തനിലയിലാണ്. ദൈവദൂതനെ അനുധാവനം ചെയ്യാതെ, തൗഹീദിന്റെ വാദം ഉന്നയിക്കുന്നവന്റെ കൈയിൽ ഉണങ്ങിയ എല്ലിൻ കഷണമാണുള്ളത്, അതിൽ മജ്ജയില്ല. അവന്റെ കൈയിൽ വിളക്കുണ്ട്, അതിൽ വെളിച്ചമില്ല. ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുകയും നബി(സ)തിരുമേനിയെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവർ മോക്ഷം പ്രാപിക്കുമെന്ന് പറയുന്ന ആൾ നിശ്ചയമായും മനസ്സിലാക്കട്ടെ- അവന്റെ ഹൃദയം കുഷ്ഠം പിടിപ്പെട്ടതാണ്. അവൻ അന്ധനാണ്. തൗഹീദ് എന്തു വസ്തുവാണെന്നതിനെ സംബന്ധിച്ച് അവനു ഒരു വിവരവുമില്ല. അങ്ങനെയുള്ള തൗഹീദ് അംഗീകരിക്കുന്ന കാര്യത്തിൽ ശയ്ത്വാൻ പാപിയും അനുസരണം കെട്ടവനുമാണെങ്കിൽപ്പോലും ദൈവമുണ്ടെന്നകാര്യം അംഗീകരിക്കുന്നു. എന്നാൽ, ഇത്തരക്കാരൻ ദൈവത്തേയും അംഗീകരിക്കുന്നില്ല. പറഞ്ഞുവന്നതിന്റെ ചുരുക്കം, ഒളിഞ്ഞിരിക്കുന്ന മുർത്തദ്ദുകളാണ് നബി(സ) തിരുമേനിയെ വിശ്വസിക്കാതെ ഏകദൈവതത്ത്വത്തിൽ മാത്രം വിശ്വസിച്ചാൽ മോക്ഷം കിട്ടുമെന്ന് പറയുന്നവർ. യഥാർഥത്തിൽ അവർ ഇസ്ലാമിന്റെ ശത്രുക്കളാകുന്നു. മതത്തിൽനിന്ന് പുറത്തുചാടാൻ അവർ തങ്ങൾക്കായി ഒരു വഴി മെനഞ്ഞെടുത്തു. അവർക്ക് പിന്തുണ നൽകുകയെന്നത് മതബോധമുള്ളവരുടെ പ്രവർത്തിയല്ല. നിർഭാഗ്യമെന്നു പറയട്ടെ, മൗലവിയെന്നും പണ്ഡിതരെന്നും പറയുന്ന നമ്മുടെ എതിരാളികൾ അത്തരമാളുകളുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടരാകുന്നു. വാസ്തവത്തിൽ എന്നെ നിന്ദിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള എന്തെങ്കിലും പഴുത് കിട്ടാനുണ്ടോ എന്ന് ഈ പാവത്തുങ്ങൾ സദാ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, അവരുടെ നിർഭാഗ്യംകൊണ്ട് അവർ അവസാനം പരാജിതരാകുന്നു. അവർ ആദ്യമേ എനിക്കെതിരിൽ കുഫ്റ് ഫത്വ തയ്യാറാക്കി. ഏകദേശം 200 മൗലവിമാർ അതിൽ ഒപ്പിടുകയും ഞാൻ കാഫിറാണെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ, ഇക്കൂട്ടർ കുഫറിൽ യഹൂദിനസാറക്കളെക്കാൾ അധഃപതിച്ചവരാണെന്നു കൂടി ഞങ്ങളെ സംബന്ധിച്ചെഴുതാൻ ആ ഫത്വകളിൽ ചില ആലിംകൾ മടിച്ചില്ല. ഇവരെ മുസ്ലിം ഖബ്ർസ്ഥാനിൽ മറയടക്കാൻ അനുവദിക്കരുതെന്നും ഇവർക്ക് സലാം പറയരുതെന്നും ഇവരുമായി ഹസ്തദാനം നടത്തരുതെന്നുമുള്ള പൊതുവായ ഫത്വയും അവർ ഞങ്ങൾക്കെതിരിൽ നൽകി. കാഫിറായവരുടെ പിന്നിൽ നമസ്കരിക്കുന്നത് ശരിയല്ല. മസ്ജിദുകളിലും ഇവരെ കയറ്റിക്കൂടാ. കാരണം, മസ്ജിദുകൾ അതുമുഖേന അശുദ്ധമാകും. അഥവാ ഇവർ കയറിയാൽ മസ്ജിദു കഴുകി വൃത്തിയാക്കേണ്ടതാണ്. ഇവരുടെ മുതലുകൾ കൊള്ളയടിക്കുന്നത് അനുവദനീയമാണ്. ഇവർ വധാർഹരുമാണ്. എന്തുകൊണ്ടെന്നാൽ യുദ്ധം ചെയ്യുന്ന മഹ്ദിയുടെ ആഗമനത്തേയും ജിഹാദിനേയും ഇവർ നിഷേധിക്കുന്നു. ഇങ്ങനെയുള്ള ഇവരുടെ ഫത്വകളെല്ലാം നിലവിലിരുന്നിട്ടും നമുക്കെന്ത് ചേതമാണുണ്ടായത്? രാജ്യത്ത് ഈ ഫത്വകൾ പ്രചരിപ്പിച്ച ദിനങ്ങളിൽ വിരലിലെണ്ണാവുന്നവർ മാത്രമേ എനിക്ക് ബയ്അത്ത് ചെയ്തിരുന്നുള്ളൂ. എന്നാലിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അനുയായികൾ മൂന്നു ലക്ഷത്തിലേറെയായിക്കഴിഞ്ഞു. സത്യാന്വേഷികൾ വളരെ ആവേശത്തോടെ ഈ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഈ രീതിയിലാണോ സത്യവിശ്വാസികൾക്കെതിരിൽ അല്ലാഹു അവിശ്വാസികളെ സഹായിക്കാറുള്ളത്. കലിമ ചൊല്ലുന്ന 20 കോടി മുസ്ലിംകളെ നാം കാഫിറാക്കിയെന്നുള്ള നമുക്കെതിരായ ആരോപണവും പരിശോധിക്കുക! സത്യത്തിൽ നമ്മുടെ ഭാഗത്തുനിന്ന് അതിരുലംഘനമൊന്നും ഉണ്ടായിട്ടില്ല. അവരുടെ ആലിംകൾ തന്നെയാണ് നമുക്കെതിരിൽ കുഫ്റ് ഫത്വ വിധിച്ചത്. ഇവർ "കാഫിറാണെന്ന് പറഞ്ഞ് പഞ്ചാബ് മുഴുവനും ഇന്ത്യയൊട്ടുക്കും നമുക്കെതിരിൽ മുറവിളി കൂട്ടി. ഇതുമുഖേന വിവരമില്ലാത്ത ആളുകൾ നമ്മോട് വെറുപ്പുള്ളവരായി. നേരിൽ എന്തെങ്കിലും ശാന്തമായി സംസാരിക്കുന്നതുപോലും അവരുടെ പക്കൽ പാപമായിത്തീർന്നു. അവരെ കാഫിറാക്കിയത് നാമാണെന്നതിന് തെളിവ് നല്കുവാൻ ഏതെങ്കിലും മൗലവിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും എതിരാളിക്കോ അല്ലെങ്കിൽ മത ഗുരുക്കന്മാരുടെ പദവിയിലിരിക്കുന്ന ആർക്കെങ്കിലുമോ സാധിക്കുമോ? നമുക്കെതിരിലുള്ള കുഫ്റ് ഫത്വ പുറത്തുവരുന്നതിനു മുമ്പേ നമ്മെ എതിർക്കുന്ന മുസ്ലിംകൾ സത്യനിഷേധികളാണെന്നു പറഞ്ഞുകൊണ്ട് നോട്ടീസോ, വിജ്ഞാപനമോ, ലഘുലേഖയോ നാം ഇറക്കിയിട്ടുണ്ടെങ്കിൽ അവരത് ഹാജരാക്കട്ടെ. ഇതിന് സാധിക്കുന്നില്ലെങ്കിൽ നമ്മെ കാഫിറാക്കുകയും എന്നിട്ട് ഞാനാണ് എല്ലാ മുസ്ലിംകളേയും കാഫിറാക്കിയതെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്യുന്നത് എത്രമാത്രം കൊടിയവഞ്ചനയാണ്? കൊടിയവഞ്ചനയും വലിയ കളവും സത്യത്തിന് നിരക്കാത്ത അപവാദവും അങ്ങേയറ്റം ഹൃദയഭേദകമല്ലേ. തങ്ങളുടെ ഫത്വകൾ മുഖേന ഞങ്ങളെ കാഫിറാക്കി മുദ്ര കുത്തുകയും എന്നിട്ട് ആരെങ്കിലും മുസ്ലിമിനെ കാഫിറാക്കിയാൽ ആ കുഫ്റ് അവനിലേക്കുതന്നെ മടങ്ങും എന്ന യാഥാർഥ്യം സ്വയം അംഗീകരിക്കുകയും ചെയ്യുമ്പോൾ, അവരുടെ അംഗീകൃതതത്ത്വ പ്രകാരംതന്നെ അവർ സത്യനിഷേധികളാണെന്നു പറയാനുള്ള അവകാശം നമുക്കുണ്ടെന്ന് അവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ അക്കൂട്ടർ കുറച്ച് നാൾവരെ ഞങ്ങൾ കാഫിറാണെന്നുള്ള വ്യാജസന്തോഷത്താൽ തങ്ങളുടെ ഹൃദയങ്ങളെ തൃപ്തിപ്പെടുത്തി. പിന്നീട് ആ സന്തോഷം ചീഞ്ഞു പോവുകയും അല്ലാഹു നമ്മുടെ ജമാഅത്തിനെ രാജ്യമൊട്ടാകെ പരത്തുകയും ചെയ്തപ്പോൾ മറ്റേതെങ്കിലും പദ്ധതിയുണ്ടോ എന്ന് അവർ അന്വേഷിക്കാൻ തുടങ്ങി.

അപ്പോൾ ആ ദിനങ്ങളിൽ എന്റെ പ്രവചനമനുസരിച്ച് ആര്യസമാജി നേതാവായ ലേഖ്റാമിനെ പ്രവചിത കാലയളവിനുള്ളിൽത്തന്നെ ആരോ വധിച്ചുകളഞ്ഞു. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, പ്രവചനം പൂർത്തിയായെന്നും ഇസ്ലാമികാടയാളം വെളിപ്പെട്ടുവെന്നുമുള്ള ചിന്ത ഒരൊറ്റ മൗലവിക്കും ഉണ്ടായില്ല. മറിച്ച് അവരിലുള്ള ചിലർ പ്രവചനം ചെയ്തയാളെ സർക്കാർ കസ്റ്റഡിയിലെടുക്കാത്തതെന്താണെന്ന് പലപ്രാവശ്യം സർക്കാരിനെ ഓർമപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ, ആ ആഗ്രഹവും പൂവണിഞ്ഞില്ല. അവർ നിരാശപ്പെട്ടവരായി. മാർഗഭ്രംശത്താൽ നാശമാണ് അവർക്ക് ഒടുമുതലായത്.

പിന്നെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് ഒരു വധോദ്യമക്കേസ് എനിക്കെതിരിൽ ഫയൽ ചെയ്തു. പിന്നെത്തെ കാര്യം പറയാനുണ്ടോ? അടക്കാനാവാത്ത സന്തോഷത്താൽ അവർ മതിമറന്നു. ചില മസ്ജിദുകളിൽ എനിക്ക് വധശിക്ഷ കിട്ടാനായി സുജൂദിൽ കിടന്നുള്ള ദുആകൾപോലും നടന്നു. അവർ സുജൂദിൽ കിടന്ന് പ്രാർഥിച്ച് പ്രാർഥിച്ച് അവരുടെ മൂക്ക് തേഞ്ഞുവെങ്കിലും അല്ലാഹു എനിക്ക് നൽകിയ വാഗ്ദാനം, ആദ്യമേ പ്രകാശനം ചെയ്തതുപോലെ പൂർത്തിയാവുകയും ഞാൻ മാന്യതയോടെ മോചിതനാവുകയുമാണുണ്ടായത്. ഞാൻ ഇഷ്ടപ്പെടുന്നെങ്കിൽ ഈ ക്രിസ്ത്യാനികൾക്കെതിരിൽ കേസ് കൊടുക്കാമെന്നുള്ള അനുവാദവും എനിക്ക് നൽകപ്പെട്ടു. ഞാൻ ശിക്ഷിക്കപ്പെട്ടു കാണണമെന്ന് അതിയായി ആഗ്രഹിച്ച നമ്മുടെ എതിരിലുള്ള മൗലവിമാരും അവരുടെ അനുയായികളും ഇതിലും പരാജയപ്പെടുകതന്നെ ചെയ്തു.

കുറച്ചുനാളുകൾക്കുശേഷം കറംദീൻ എന്ന് പേരുള്ള മൗലവി ഗുരുദാസ്പൂർ കോടതിയിൽ എനിക്കെതിരെ ഒരു ക്രിമിനൽ കേസ് കൊടുത്തു. എന്റെ എതിർമൗലവിമാർ അതിനെ പിന്താങ്ങി. അഡീഷണൽ അസിസ്റ്റന്റ് കമ്മീഷണർ ആത്മാറാമിന്റെ കോടതിയിൽപോയി അവർ എനിക്കെതിരിൽ **(ശേഷം പേജ് 2ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# ഭൂകമ്പങ്ങളും സുനാമിയും വാഗ്ദത്ത ലോകോദ്ധാരകനും

**(ഡോക്ടർ ത്വാരിഖ് അഹ്മദ് മിർസാ, ആസ്ത്രേലിയ)**
**(അൽഫള്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 15 പേജ് 11)**

2011 മാർച്ചിൽ ജപ്പാനിലുണ്ടായ ഏറ്റവും ഭയാനകമായ ദുരന്തത്തിനും ഭൂകമ്പത്തിനും സുനാമിക്കും ശേഷം അഞ്ചു വർഷം പിന്നിടുമ്പോൾ ഈയിടെ രാജ്യത്തുടനീളം സർക്കാർ തലത്തിൽ അനുശോചന പരിപാടികളും സ്മരണാഞ്ജലികളും നടക്കുകയുണ്ടായി. കണക്കനുസരിച്ച് സുനാമി ബാധിച്ചവരിൽ 180000 പേർ ഇതുവരേയും കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്നവരാണ്. ഏതാണ്ട് 20000 പേരെ കണ്ടുകിട്ടിയിട്ടില്ല. അല്ലെങ്കിൽ അവർ മരിച്ചിരിക്കുന്നു. സ്വത്തുക്കളുടേയും തൊഴിൽസ്ഥാപനങ്ങളുടേയും നഷ്ടം വേറെയും. 'ഭൂകമ്പവും സുനാമിയും കാരണം ഫുകുഷിമ ആണവ പ്ലാന്റിനേറ്റ നാശമാണ് ഇത്രവൻതോതിൽ ദുരന്തമുണ്ടാവാനിടയായത്. അതുണ്ടാക്കിയ ആണവവികിരണ സ്വാധീനം പൂർണമായും കെട്ടടങ്ങിയിട്ടില്ല. ജപ്പാനെ മാത്രമല്ല, ആസ്ത്രേലിയ ഉൾപ്പെടെ ചുറ്റുമുള്ള രാജ്യങ്ങളേയും വിദൂര പൂർവ ദിക്കിലെ ദ്വീപുകളേയും ഈ 'ഭൂകമ്പവും സമുദ്ര കൊടുങ്കാറ്റും മോശമായി ബാധിക്കുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) 2011 മാർച്ച് 18ന് ചെയ്ത ഖുത്ബ ജുമുഅയിൽ ഈ 'ഭൂകമ്പത്തിലുണ്ടായ ദാരുണമായ നാശത്തെക്കുറിച്ച് പരാമർശിക്കുകയും തിരുനബി(സ)യുടെ തിരുമാതൃകയുടെ വെളിച്ചത്തിൽ പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അല്ലാഹുവിനോട് പ്രത്യേകം ദുആ ചെയ്യുന്നതിലേക്കും ദൈവത്തിലേക്ക് തിരിയുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിരുന്നു. ദൈവഭയമുള്ളവർ കാലാവസ്ഥാ വ്യതിയാനങ്ങളും ദുരന്തങ്ങളും കാണുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കൂടുതലായി കുനിയുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇക്കാലത്തെ 'ഭൂകമ്പം, കൊടുങ്കാറ്റ്, നാശം വിതയ്ക്കുന്ന വെള്ളപ്പൊക്കം മുതലായവയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഖലീഫതിരുമനസ്സ് പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്നതിന്റെ ഒരു സുപ്രധാന വശത്തിലേക്കും പശ്ചാത്തലത്തിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു:

ബഹുഭൂരിഭാഗമാളുകളും മനസ്സിലാക്കുന്നത് കാലാവസ്ഥ വ്യതിയാനങ്ങൾ അല്ലെങ്കിൽ ഭൗമികവും ഭൗമേതരവുമായ ദുരന്തങ്ങൾ പ്രകൃതിനിയമത്തിന്റെ ഭാഗമാണെന്നാണ്. കുറച്ചുകാലത്തിനുശേഷം അതിങ്ങനെ വരേണ്ടതു തന്നെയാണെന്ന് അവർ കരുതുന്നു. ഇതൊരു മാമൂലനസരിച്ചാണ് വന്നുകൊണ്ടിരിക്കുന്നതെന്നും അവർ വിചാരിക്കുന്നു. പ്രകൃതിനിയമമനുസരിച്ച് ദുരന്തങ്ങളുണ്ടാകാറുണ്ടെന്നത് ശരിതന്നെ. ഭൂമിയുടെ താഴ്ന്ന പ്രതലത്തിലെ ഫലകങ്ങളുടെ വ്യതിയാനമാണ് ഭൂചലനങ്ങൾക്ക് കാരണമെന്നതും ശരിയാണ്. ന്യൂസിലാന്റ്, ജപ്പാൻ തുടങ്ങിയ പ്രദേശങ്ങളിലും വിദൂരപൂർവ ദിക്കിലുള്ള ദ്വീപുകളിലുമുള്ളവർ ഈ ഫലകങ്ങളുടെ മേലാണ് വസിക്കുന്നത്. ഇക്കാരണത്താൽ ഈ പ്രദേശങ്ങളിൽ ഭൂകമ്പങ്ങൾ അധികമായുണ്ടാകുന്നുവെന്നതും ശരിതന്നെ. എന്നാൽ, ഇക്കാലഘട്ടത്തിൽ അല്ലാഹുവിനാൽ അയക്കപ്പെട്ട വല്ല ദൂതനും ഈ ഭൂകമ്പങ്ങളെക്കുറിച്ച് പ്രവചനം ചെയ്തിട്ടുണ്ടോ എന്ന് നോക്കേണ്ടതും അനിവാര്യമാണ്." (ഖുത്ബ ജുമുഅ 2011 മാർച് 18)

അമീറുൽമുഅ്മിനീൻ, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ) ന്റെ ചില പ്രവചനങ്ങൾ വിശദീകരിച്ചുകൊണ്ട് എങ്ങനെയാണ് ആ മഹാത്മാവ് തന്റെ വാദത്തെ ഭൂകമ്പങ്ങളും ദുരന്തങ്ങളുമായി ബന്ധപ്പെടുത്തിയതെന്നും അല്ലാഹുവിൽനിന്ന് അറിവ് പ്രാപിച്ച് ഈ വിപത്തുകളേയും 'ഭൂകമ്പങ്ങളേയും കുറിച്ച് പ്രവചനം ചെയ്തതെന്നും പറഞ്ഞു. ഇതു സംബന്ധമായി അമീറുൽ മുഅ്മിനീൻ പറഞ്ഞു:

"ഈ വിപത്തുകളും ഭൂകമ്പങ്ങളും വരുന്നതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൽഭാവ നയനുസരിച്ച് അല്ലാഹുവിന്റെ യഥാർഥ അധ്യാപനത്തെ മനസ്സിലാക്കുകയാണെങ്കിൽ രക്ഷപ്പെടാമെന്ന സുവാർത്തയും അവർക്കുണ്ട്."

ടോക്കിയോയിലെ മുൻഗവർണർ സുവ്യക്തമായ നിലയിൽ 2011 മാർച്ചിൽ ഉണ്ടായ സുനാമിയെ ദൈവകോപമെന്ന് പ്രഖ്യാപിച്ചത് ലോകപത്രങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. അദ്ദേഹം പറഞ്ഞതനുസരിച്ച് ഭൗതികവാദികളായ ജപ്പാൻകാർക്ക് വന്നുഭവിച്ച ദൈവികശിക്ഷയാണിത്. എന്നാൽ, പിന്നീട് വിവിധഭാഗത്തു നിന്നുള്ള ശക്തമായ സമ്മർദ്ദവും പ്രതിഷേധവും കാരണം തന്റെ ഈ പ്രഖ്യാപനം പിൻവലിക്കാനും മാപ്പു ചോദിക്കാനും അദ്ദേഹം നിർബന്ധിതനായി. പ്രായംചെന്ന ഈ മുൻഗവർണർ ശിന്റോ ബുദ്ധിസ്റ്റാണെന്ന് പറയപ്പെടുന്നു.

ലോകത്ത് നടപ്പിലുള്ള വിവിധ മതങ്ങളുടെ നിവേദനങ്ങളിലും ഏടുകളിലും അവസാനകാലത്ത് വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിയുടെ കാലത്ത് വെളിപെടാനുള്ള അടയാളങ്ങളിൽ അധികവും അസാധാരണ സംഭവങ്ങൾ, യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ, ഭൗമികവും ആകാശീയവുമായ വിപത്തുകൾ എന്നിവ ദൃഷ്ടാന്തമെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

ജപ്പാനിലെ സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഒരു ഗവേഷകനായ ജോൺ ഹോഗ്(John Hogue) അവസാനകാലത്തെ ലോകോദ്ധാരകനെപ്പറ്റി തന്റെ ഗ്രന്ഥത്തിൽ എഴുതി:

Several sects of Japnese Buddhism and Shintism foresee a variant of the Buddhist Maitreya, who is to appear after August 8, 1988(8/8/88)

He is the incarnation of the god of water, Susano

ജപ്പാനിലെ ബുദ്ധമതത്തിലേയും ശിന്റോ മതത്തിലേയും പല കക്ഷികളും ഭാവിയിൽ ബുദ്ധമതത്തിലെ മൈത്രേയയെപ്പോലുള്ള ഒരു വാഗ്ദത്ത ഉദ്ധാരകൻ വരുമെന്ന് പറയുന്നുണ്ട്. അദ്ദേഹം 1988-ലെ എട്ടാമത്തെ മാസത്തിന്റെ എട്ടാം തിയതിക്കു(8/8/88) ശേഷമായിരിക്കും വെളിപ്പെടുക. അദ്ദേഹത്തിന്റെ ആഗമനം ഒരു രീതിയിൽ ജലദേവത (Susano)യുടെ വീണ്ടും ഈ ലോകത്ത് വരവായിരിക്കും. "MESSIAHAS:The Vision and Prophecies for the Second coming". (പ്രസാധകർ:Element Books Ltd. Dorsit. 1999 പേജ് 36)

വാഗ്ദത്ത മസീഹും(അ) താൻ ജലമാണെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ, ആ ജലം ഭൗതികമല്ല. ആത്മീയ ജലമാണ്. ദാഹിച്ചു വലയുന്ന ആത്മാക്കളുടെ ദാഹം ശമിപ്പിക്കുന്ന അമൃതാണത്. ഈ ജലം നാശത്തിന്റെ സന്ദേശമായി വന്ന് രാത്രിയിലെ കൂരിരുട്ടിൽ മനുഷ്യജീവിതങ്ങളെ മാറ്റിക്കളയുന്ന ജലമല്ല. പ്രത്യുത ഏകനും പങ്കുകാരനില്ലാത്തവനുമായവന്റെ പ്രകാശത്തിന്റെ നിഴൽകൊണ്ട് ആത്മീയ രാത്രികളെ പ്രകാശോജ്ജ്വലമായ ദിവസത്തിൽ മാറ്റി മൃതാത്മക്കൾക്ക് ഒരു പുതുജീവിതം പ്രദാനം ചെയ്യാൻ കാരണമായിത്തീരുന്നു. അവിടന്ന് പറയുന്നു:

മേ വൊ പാനീ ഹൂം കെ ആയാ
ആസ്മാൻ സെ വഖ്ത് പർ
മേ വൊ ഹൂം നൂറെ ഖുദാ
ജിസ് സെ ഹുവാ ദിൻ ആശിക്കാർ

കൃത്യസമയത്ത് ആകാശത്തുനിന്നുവന്ന ജീവജലമാകുന്നു ഞാൻ. ഏതൊന്നുകൊണ്ട് പകൽ തെളിഞ്ഞുവരുന്നുവോ ആ ദൈവിക പ്രകാശമാകുന്നു ഞാൻ.

---

**- പേജ് 1ൽ നിന്ന്**

സാക്ഷി പറഞ്ഞു. കഴിവിന്റെ പരമാവധി അവർ പയറ്റിനോക്കി. ഇത്തവണ എന്തായാലും വിജയിക്കുമെന്ന് അവർക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. ആത്മാറാം ആണെങ്കിൽ കേസ് കൂലങ്കഷമായി പഠിക്കാതെ തന്റെ വിവരമില്ലായ്മ നിമിത്തം എനിക്ക് തടവുശിക്ഷ വിധിക്കാൻ സന്നദ്ധനാവുകയായിരുന്നു. അപ്പോൾ, ആത്മാറാമിനെ തന്റെ മക്കളിൽനിന്ന് വേർപ്പെടുത്തുമെന്ന് അല്ലാഹു എന്നെ അറിയിച്ചു. ഈ ദർശനം ഞാൻ ജമാഅത്തിനെ കേൾപ്പിച്ചു. ഏകദേശം 20, 25 ദിവസത്തിനുള്ളിൽ അയാളുടെ രണ്ടു പുത്രന്മാർ അയാളിൽനിന്നു വിടപറഞ്ഞു. എനിക്ക് തടവുശിക്ഷനൽകാൻ ആത്മാറാമിന് കഴിഞ്ഞതുമില്ല. തടവ് വിധിക്കാൻ അയാൾ തുടക്കം കുറിച്ചതാണ്. എന്നാൽ, അവസാനം അയാളെ ആ കൃത്യത്തിൽനിന്ന് അല്ലാഹു തടഞ്ഞുവെങ്കിലും 700 രൂപ എനിക്ക് പിഴയിട്ടു. എന്നാൽ, മേൽക്കോടതി എന്നെ മാന്യതയോടെ കുറ്റവിമുക്തനാക്കി. കറംദീന്റെ മേൽശിക്ഷ നിലനിന്നു. പിഴ എനിക്കു മടക്കിത്തന്നു. പക്ഷേ, ആത്മാറാമിന്റെ മക്കൾ മടങ്ങിവന്നില്ല.

കറംദീൻ കേസിൽ ഏതൊരു സന്തോഷം കരസ്ഥമാക്കാൻ നമ്മുടെ മൗലവിമാർ ആഗ്രഹിച്ചിരുന്നുവോ അതു പൂർത്തിയായില്ല. എന്റെ ഗ്രന്ഥമായ മവാഹിബുർറഹ്മാനിൽ ഞാൻ മുമ്പേ എഴുതി പ്രസിദ്ധീകരിച്ച അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഞാൻ കുറ്റവിമുക്തനായി. പിഴയും തിരിച്ചു നൽകപ്പെട്ടു. എനിക്കെതിരിൽ വിധി പറഞ്ഞ ആളോട് ആ വിധി ദുർബലപ്പെടുത്താൻ നിർദ്ദേശിച്ചതോടൊപ്പം ആ വിധി അയാൾ അനാവശ്യമായി പുറപ്പെടുവിച്ചതാണെന്ന് പറഞ്ഞ് അയാളെ കോടതി ശാസിക്കുകയും ചെയ്തു. എന്നാൽ, ഞാൻ മവാഹിബുർറഹ്മാനിൽ കാലേകൂട്ടി പ്രസിദ്ധീകരിച്ചിരുന്നതുപോലെ കറംദീന് ശിക്ഷ കിട്ടി. കോടതിയുടെ നിർദ്ദേശത്താൽ അയാൾ പെരും നുണയനാണെന്ന് രേഖപ്പെടുത്തപ്പെട്ടു. നമ്മുടെ എതിരിൽ നിൽക്കുന്ന എല്ലാ മൗലവിമാരും തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി. അഹോ കഷ്ടം! എന്റെ എതിരാളികൾക്ക് ഇത്രമാത്രം പരാജയമുണ്ടായിട്ടും എന്നെ സംബന്ധിച്ച് 'ഇയാളുടെ പിന്നിൽ ഒരു കൈ പ്രവർത്തിക്കുന്നുണ്ടെന്നും ആ കൈയാണ് അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും ഇയാളെ രക്ഷിക്കുന്നതെന്നുമുള്ള ചിന്ത' ഒരിക്കലും അവർക്കുണ്ടായില്ല. അവർ നിർഭാഗ്യരല്ലായിരുന്നെങ്കിൽ, അവരിൽനിന്ന് ആക്രമണമുണ്ടായപ്പോഴെല്ലാം അവരുടെ ദ്രോഹത്തിൽനിന്ന് അല്ലാഹു എന്നെ രക്ഷിച്ചത് അവർക്കൊരു മുഅ്ജിസത്താകുമായിരുന്നു. രക്ഷിച്ചുവെന്ന് മാത്രമല്ല, രക്ഷിക്കുമെന്നുള്ള അറിയിപ്പ് മുൻകൂട്ടി തന്നുകൊണ്ടാണ് രക്ഷിച്ചത്. ഓരോ തവണയും ഓരോ കേസിന്റെ അവസരത്തിലും ഞാൻ നിന്നെ രക്ഷിക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ അവൻ തന്റെ വാഗ്ദാനമനുസരിച്ച് എന്നെ കാത്തുരക്ഷിച്ചു. ഒരു ഭാഗത്ത് ലോകം മുഴുവൻ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഒറ്റക്കെട്ടായിരിക്കുന്നു. മറുഭാഗത്ത് ആ സർവശക്തനായ അല്ലാഹു അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും എന്നെ രക്ഷിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം. (ഹഖീഖത്തുൽ വഹ്‌യ്യ് റൂഹാനീ ഖസായിൻ വാള്യം 22 പേജ് 122-125)

# ഖുത്ബ ജുമുഅ

**നമുക്ക് നമ്മുടെ ജീവിതത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്. അല്ലാഹുവും അവന്റെ റസൂലും അനുവദിക്കുന്ന കാര്യം മാത്രമേ നമ്മൾ ചെയ്യാവൂ. വിശുദ്ധഖുർആന്റേയും നബി(സ)തിരുമേനിയുടേയും ഫത്വയ്ക്കും സുന്നത്തിനും വിരുദ്ധമാണ് സ്വപ്നമെങ്കിൽ അത് ഖണ്ഡനാർഹമായി മനസ്സിലാക്കപ്പെടുന്നതാണ്. രോഗിയിൽനിന്ന് അകലം സ്വീകരിച്ചില്ലെങ്കിൽ ആരോഗ്യവാനും അതിൽ അകപ്പെടുന്നതുപോലെ ആത്മീയമായ രോഗികളിൽനിന്ന് ദൈവനിയോഗിതന്റെ ജമാഅത്തിനെ മാറ്റി നിറുത്തുക എന്നത് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടി ക്രമമാണ്. അതുകൊണ്ട് ജനാസ, വിവാഹം, നമസ്കാരമെല്ലാം പ്രത്യേകമായിരിക്കണമെന്നത് അല്ലാഹുവിന്റെ കല്പനയാണ്. നിങ്ങളുടെ ഭൗതികമായ ആഗ്രഹങ്ങൾക്കുമേൽ വരുംതലമുറയ്ക്കും ദീനിനും മുൻഗണന നല്കുക. ഇല്ലെങ്കിൽ പെൺകുട്ടികൾ അന്യരിൽ വിവാഹം കഴിക്കുന്നതുകൊണ്ടു മാത്രം തലമുറകൾ നശിക്കുകയില്ല; പ്രത്യുത ആൺകുട്ടികൾ അന്യരിൽ വിവാഹങ്ങൾ കഴിക്കുന്നതുകൊണ്ടും നശിച്ചുപോകുന്നു. അഹ്മദീ വെറും സാമൂഹികമായ സമ്മർദം കാരണത്താൽ അഹ്മദിയായിരിക്കരുത് എന്ന കാര്യം എല്ലാ ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കേണ്ടതാണ്. മറിച്ച് ദീൻ മനസ്സിലാക്കി അഹ്മദിയാകാൻ ശ്രമിക്കുക.**

**അഹ്മദീ ആൺകുട്ടികൾ ജമാഅത്തിന് വെളിയിൽ വിവാഹം കഴിച്ചുകൊണ്ടിരുന്നാൽ അഹ്മദീ പെൺകുട്ടികളെ എവിടെയാണ് വിവാഹം കഴിപ്പിക്കപ്പെടുക?**

**അഹ്മദീ ആൺകുട്ടിയും പെൺകുട്ടിയും വിവാഹം കഴിക്കാനാഗ്രഹിച്ചാൽ അവരുടെ മാതാപിതാക്കളും വാശിപിടിക്കാതിരിക്കേണ്ടതാണ്. വ്യക്തിത്വത്തിന്റേയും ഈഗോയുടേയും ചതിയിൽപ്പെടാൻ പാടില്ല.**

**പെൺകുട്ടിയുടെ ഇഷ്ടം വിവാഹബന്ധത്തിന് പരിഗണിക്കേണ്ടതാണെങ്കിലും -നബി(സ)തിരുമേനി അവളുടെ ഇഷ്ടം സ്ഥാപിച്ചിട്ടുമുണ്ട്- പക്ഷേ, വലിയുടെ അനുവാദമില്ലാതെ നിക്കാഹ് അനുവദനീയമല്ലെന്ന കാര്യം ഇസ്‌ലാം നിർബന്ധമായും പറയുന്നു. പെൺകുട്ടിയെ കണ്ടിട്ട് ഇഷ്ടപ്പെട്ടാൽ വിവാഹം കഴിക്കാൻ ഇസ്‌ലാം പറയുന്നു. നേരിട്ട് കാണാൻ പ്രയാസമുണ്ടെങ്കിൽ ഫോട്ടോ കണ്ടും ബന്ധമുറപ്പിക്കാവുന്നതാണ്. ഇപ്പോഴും ഈ രീതി സ്വീകരിക്കാവുന്നതാണ്.**

**ജമ്മുകശ്മീരിലെ പരേതനായ മുഹമ്മദു ദീൻ സാഹിബിന്റെ മകൾ സക്കീന നാഹേദ് സാഹിബയുടേയും ഖാളി അബ്ദുൽ ഗനി സാഹിബിന്റെ മകൻ ശൗക്കത്ത് ഗനി സാഹിബ് ശഹീദിന്റേയും അനുസ്മരണം**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 ഏപ്രിൽ 8/1395 ശഹാദത്ത് 08
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ

اِشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഒരിക്കൽ നമ്മുടെ ജോലിയും നമ്മുടെ കർമവും നമ്മുടെ തീരുമാനവും വിശുദ്ധ ഖുർആനും തിരുഹദീഥുകളും അനുസരിച്ചുള്ളതാണോ എന്ന് നമ്മൾ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണെന്ന വിഷയം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുകയായിരുന്നു. ഇനി അഥവാ ഏതെങ്കിലും കാര്യത്തെ കുറിച്ച് ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും വിശദീകരണം കിട്ടുന്നില്ലെങ്കിൽ എങ്ങനെയാണ് അത് പ്രാവർത്തികമാക്കാൻ കഴിയുക എന്ന് മനുഷ്യൻ ചിന്തിക്കുന്നു. അതിനുവേണ്ടിയുളളത് മുൻ കഴിഞ്ഞ ഉലമാക്കളുടെ വാക്യങ്ങളേയും അവരുടെ തീരുമാനങ്ങളേയും സ്വീകരിക്കുക എന്നതാണ്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:

'നമുക്ക് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് എങ്ങനെയാണെന്ന് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു. എവിടെന്നാണ് മാർഗദർശനം സ്വീകരിക്കേണ്ടത്? അപ്പോൾ ആ മഹാത്മാവ് പറഞ്ഞത് ഇതുതന്നെയാണ്. ഏറ്റവുമാദ്യം വിശുദ്ധ ഖുർആൻ അനുസരിച്ച് തീരുമാനം എടുക്കുക എന്നതാണ് നമ്മുടെ രീതി. ഇനി വിശുദ്ധ ഖുർആനിൽ ഒരു കാര്യം കിട്ടിയില്ലെങ്കിൽ ഹദീഥുകളിൽ അന്വേഷിക്കുക. ഇനി ഹദീഥുകളിലും അതു ലഭിക്കുന്നില്ലെങ്കിൽ ഉമ്മത്തിന്റെ പ്രമാണങ്ങളനുസരിച്ച് തീരുമാനമെടുക്കുക. അല്ലെങ്കിൽ ഉമ്മത്തിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങളും നല്കപ്പെട്ടിട്ടുള്ള തെളിവുകളും അനുസരിച്ച് തീരമാനമെടുക്കുക.'

സുന്നത്തിന്റെ സ്ഥാനം ഹദീഥിന്റെ സ്ഥാനത്തേക്കാൾ ഉയർന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വ്യക്തമാക്കുകയുണ്ടായെന്ന കാര്യവും അറിയുക. അതുകൊണ്ട് ഏതൊരുകാര്യമാണോ സുന്നത്തുകൊണ്ട് സ്ഥാപിതമാകുന്നത് എന്തായാലും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുതന്നെയാണ്. അതിനുശേഷമാണ് ഹദീഥുകളുടെ സ്ഥാനം വരുന്നത്. നബി(സ)തിരുമേനി ചെയ്തു കാണിച്ചുതന്നതാണ് സുന്നത്ത്. സ്വാഹാബാക്കൾ അതിൽനിന്ന് പഠിച്ചു. പിന്നീട് സ്വാഹാബാക്കളിൽ നിന്ന് താബിഈംകൾ പഠിച്ചു. അതിനുശേഷം തബഅ താബിഈംകൾ പഠിച്ചു. പിന്നീട് അത് ഉമ്മത്തിൽ നടപ്പിൽവന്നു.

എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നത് അല്ലാഹുവും അവന്റെ റസൂലും അനുവദിച്ചിട്ടുള്ള കാര്യങ്ങളാണോ നമ്മൾ നമ്മുടെ ജീവിതത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കിക്കൊണ്ടിരിക്കണമെന്നാണ്

നന്മ ചിലപ്പോൾ ചിലയാളുകളുടെ തലയിലൂടെ സഞ്ചരിക്കാറുണ്ട്. അതിൽ എത്രത്തോളം അതിരുകടക്കുന്നുവെന്നാൽ അതിശയോക്തി കലർത്താൻ തുടങ്ങുന്നു. തങ്ങളുടെ ജീവനെ മുസ്വീബത്തിൽ അകപ്പെടുത്തുന്നു. അല്ലെങ്കിൽ തങ്ങളുടെമേൽ അക്രമം ചെയ്യുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ഉപരിപ്ലവമായിമാത്രം എടുക്കുന്ന ചിലയാളുകളുണ്ട്. എന്നല്ല അധികമാളുകളും അത്തരക്കാരാണ്. അത് നടപ്പിൽവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടത്ര ശ്രദ്ധിക്കാറില്ല. അമിതത്വത്തോടും അതിമിതത്വത്തോടുംകൂടി പ്രവർത്തിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിൽനിന്ന് പുറത്തുപോകുകയും ചെയ്യുന്ന ഇത്തരത്തിലുള്ള രണ്ടു തരക്കാരുണ്ട്.

നന്മയിൽ അതിരുകടക്കുന്നവരുടെ ചില ഉദാഹരണങ്ങളുണ്ട്. ഒരു സ്ത്രീയുടെ ഉദാഹരണം അവിടന്ന് നല്കുകയുണ്ടായി. അവർ അന്യായമായനി ലയിൽ നന്മയുടെ പേരിൽ ഒരു പണി ചെയ്യാൻ ആഗ്രഹിച്ചിരുന്നു. അത് യഥാർഥത്തിൽ നന്മയല്ലതാനും. കാരണം അല്ലാഹുവും അവന്റെ റസൂലും അത് ചെയ്യാൻ അനുവദിച്ചിട്ടില്ല. ഞാൻ പറയാൻപോകുന്ന സംഭവത്തിൽ തങ്ങൾ കാണുന്ന സ്വപ്നങ്ങൾക്ക് അമിതപ്രാധാന്യം നല്കുന്നവർക്കും പാഠമുണ്ട്. വാസ്തവത്തിൽ അവരുടെ എല്ലാ സ്വപ്നങ്ങളും സത്യമാണെന്നും അതിനെന്തെങ്കിലും ഉദ്ദേശ്യമുണ്ടെന്നും പറയാൻ പറ്റുന്ന സ്ഥാനത്തല്ല അവരുള്ളത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഇന്ന് ഒരു സ്ത്രീ നമ്മുടെ വീട്ടിൽ വന്നു. അവർ ഖാദിയാനിലെ പഴയകാല സ്ത്രീയാണ്. അവർക്ക് മാനസികമായി കുറച്ച് ന്യൂനതയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിരിക്കുന്നതായും, നീ 6 മാസം അടുപ്പിച്ച് നോമ്പ് പിടിക്കുകയാണെങ്കിൽ ഖലീഫത്തുൽമസീഹിന് ആരോഗ്യം കിട്ടുമെന്ന് തന്നോട് പറയുന്നതായും താൻ സ്വപ്നം കണ്ടുവെന്ന് അവർ പറഞ്ഞു.'(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് തുടക്കത്തിൽ സുഖമില്ലാതായ സമയത്ത് നടന്ന സംഭവമാണിത്). ആ സ്ത്രീ പറഞ്ഞു: 'എന്നാൽ, ഞാൻ ചോദിച്ച ഉലമാക്കളെല്ലാം പറഞ്ഞത് ആറുമാസം അടുപ്പിച്ച് നോമ്പുനോക്കുന്നത് അനുവദനീയമല്ലെന്നാണ്.' പിന്നീട് പറഞ്ഞു, 'നീ വ്യാഴാഴ്ചയും തിങ്കളാഴ്ചയും നോമ്പ് പിടിക്കാൻ മിർസാ ബശീർ അഹ്മദ് സാഹിബ് എന്നോടു പറഞ്ഞു.' എ ന്നാൽ, അതുകഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)

സ്വപ്നത്തിൽ വരികയും '6 മാസം അടുപ്പിച്ച് നോമ്പ് നോക്കാൻ ഞാൻ നിന്നോടു പറഞ്ഞിട്ട് എന്തുകൊണ്ട് നീ പിടിച്ചില്ല' എന്ന് തന്നോടു ചോദിക്കുകയും ചെയ്തതായി അവർ പറഞ്ഞു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, 'നിന്റെ സ്വപ്നം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളെക്കാൾ മികച്ചതാകാൻ തരമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഇൽഹാമുകളെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: എന്റെ ഏതെങ്കിലും ഇൽഹാം ഖുർആനും സുന്നത്തിനും വിരുദ്ധമാണെങ്കിൽ ഞാൻ അതിനെ തൊണ്ട വൃത്തിയാക്കി കഫം തുപ്പിക്കളയുന്നതുപോലെ തുപ്പിക്കളയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ വഹ്‌യെ ഖുർആനും സുന്നത്തിനും ഇത്രമാത്രം യോജിപ്പിക്കുമ്പോൾ നമ്മളും നമ്മുടെ സ്വപ്നങ്ങൾ അവിടത്തെ കല്പനകളനുസരിച്ച് ചെയ്യേണ്ടതായിവരും. നബി(സ)തിരുമേനി തുടർച്ചയായും ദീർഘമായും നോമ്പെടുക്കുന്നത് വിരോധിച്ചിട്ടുള്ളത് സ്ഥാപിതമായ കാര്യമാണ്. അതുകൊണ്ട് ഇതിനുവിരുദ്ധമായി നിനക്കെന്തെങ്കിലും സ്വപ്നം വന്നിട്ടുണ്ടെങ്കിൽ അത് സാത്താനികമാണെന്ന് മനസ്സിലാക്കപ്പെടുന്നതാണ്; ഹദ്റത്ത് മസീഹ് മൗഊദ്(അ)നിന്നോടു പറഞ്ഞുവെന്ന് നീ പറഞ്ഞാൽതന്നെയും! അത് അല്ലാഹുവിൽനിന്നുള്ളതായി കരുതപ്പെടുകയില്ല. ദിവ്യമായ സ്വപ്നമാണെങ്കിൽ അത് റസൂൽ(സ)നെ സാക്ഷ്യപ്പെടുത്തുന്നതായിരിക്കും. നബി(സ) തിരുമേനിയെ ഒരിക്കലും തിരുത്തുകയില്ല. അതുകൊണ്ട് വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും ഫത്‌വയ്ക്കും സുന്നത്തിനും വിരുദ്ധമാണ് സ്വപ്നമെങ്കിൽ അത് ഖണ്ഡനാർഹമായി മനസ്സിലാക്കപ്പെടുന്നതാണ്. കാരണം വിശുദ്ധ ഖുർആനെതിരിൽ ഒരു സ്വപ്നവും സത്യമാകാവതല്ല. സുന്നത്തിന്നെതിരിലും ഒരു സ്വപ്നവും സത്യമാകാവതല്ല. സ്വഹീഹായ ഹദീഥുകൾക്കെതിരിലും ഒരു സ്വപ്നവും സത്യമാകാവതല്ല.'(അൽഫള്ൽ 1958 നവംബർ 25 പേജ് 3 വാള്യം 12/47 നമ്പർ 272)

അതുകൊണ്ട് ഏതെങ്കിലും കാര്യത്തെസംബന്ധിച്ച് സ്വപ്നങ്ങളെ അടിസ്ഥാനമാക്കുന്നത് -അത് നമ്മുടെ കാര്യമാണെങ്കിൽത്തന്നെയും-താങ്ങാനുള്ള ശക്തിയില്ലാത്ത അത്തരം ബുദ്ധിമുട്ടുകളിൽ സ്വയമേവ അകപ്പെടുത്തുന്നത് തെറ്റാണ്. തെറ്റാണെന്ന് മാത്രമല്ല അത് നല്ലതല്ലാത്ത കർമ്മമാകുകയും ചില ഘട്ടങ്ങളിൽ പാപമായിത്തീരുകയും ചെയ്യുന്നു. അല്ലാഹു ആരെയാണോ നിയോഗിച്ച് എഴുന്നേല്പിച്ച് നിറുത്താനാഗ്രഹിക്കുന്നത് അവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം തികച്ചും വ്യത്യസ്തമായിരിക്കും. അവർ സാധാരണ ജനങ്ങളിൽപ്പെട്ടവരായിരിക്കുകയില്ല. അവരെ സാധാരണ മനുഷ്യരുമായി തട്ടിച്ചുനോക്കാനും പറ്റുകയില്ല.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) 6 മാസം നോമ്പ് പിടിച്ചിരുന്നില്ലേ എന്ന വിചാരം ഉണ്ടാകാവുന്നതാണ്. ഇത് സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ടത്, ആ മഹാത്മാവിനെ അല്ലാഹു നുബുവ്വത്തിന്റെ സ്ഥാനത്ത് നിറുത്തേണ്ടതുണ്ടായിരുന്നു. മറ്റൊന്ന് നോക്കാനുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം അതിനെക്കുറിച്ച് എന്തു പറഞ്ഞു എന്നാണ്. ഇതു സംബന്ധമായി എന്തു ഉപദേശമാണ് നല്കിയത്. ഞാൻ അത് സമർപ്പിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഒരിക്കൽ യാദൃച്ഛികമായി പരിശുദ്ധ പ്രകൃതിയുള്ള പ്രായം ചെന്ന ഒരു പുണ്യാത്മാവിനെ എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടു. ദൈവികപ്രകാശങ്ങളെ എതിരേറ്റ് സ്വാഗതം ചെയ്യുന്നതിന് ഒരളവുവരെ നോമ്പുപിടിക്കുന്നത് പ്രവാചകത്വകുടുംബത്തിന്റെ സുന്നത്താണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ആ അഹ്‌ലെ ബയ്ത്തിന്റെ പ്രവാചകത്വ സുന്നത്തനുഷ്ഠിക്കണമെന്നതിലേക്കുള്ള സൂചനയായിരുന്നു അത്. അതുകൊണ്ട് കുറച്ചുകാലംവരെ നോമ്പ് പിടിക്കുന്നത് ഉചിതമാണെന്ന് ഞാൻ മനസ്സിലാക്കി. ഇത്തരത്തിലുള്ള നോമ്പുകളുടെ അത്ഭുതങ്ങളിൽനിന്ന് എന്റെ അനുഭവത്തിൽ വന്നിട്ടുള്ളത് അക്കാലത്ത് എന്നിൽ തുറക്കപ്പെട്ട അതിസൂക്ഷ്മങ്ങളായ ജാഗ്രദർശനങ്ങളാണ്. അല്ലാഹു അതിനുശേഷം ജാഗ്രദർശനങ്ങളുടേയും ഇൽഹാമുകളുടേയും ഒരു പരമ്പരതന്നെ ആരംഭിച്ചു.' പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തെന്തൊക്കെ ഉണ്ടായി എന്ന് അല്പം വിശദീകരിച്ചു. അദ്ദേഹം പറയുന്നു: 'ഇത്രകാലംവരെ നോമ്പു പിടിച്ചതുകൊണ്ട് എന്നിൽ വെളിപ്പെട്ട അത്ഭുതങ്ങൾ പലതരത്തിലും ഇനത്തിലുമുള്ള ജാഗ്രദർശനങ്ങളാണ്. പക്ഷേ, ഇത് ഓർമവയ്ക്കേണ്ട കാര്യമാണ്. എല്ലാവരും അങ്ങനെ ചെയ്യാൻ ഞാൻ ആർക്കും അനുവാദം നല്കുന്നില്ല. ഞാൻ തന്നെയും എന്റെ ഇഷ്ടത്തിന് അങ്ങനെ ചെയ്തിട്ടുമില്ല. ഞാൻ വ്യക്തമായ ജാഗ്രദർശനം മുഖേന അല്ലാഹുവിൽനിന്ന് അറിവു നേടി ശാരീരികമായ വിഷമം എട്ടോ ഒമ്പതോ മാസംവരെ സഹിക്കുകയും വിശപ്പിന്റേയും ദാഹത്തിന്റേയും രുചി നുണയ്ക്കുകയുമായിരുന്നു. പിന്നീട് ഇങ്ങനെ സ്ഥിരമായി ചെയ്യുന്നത് ഉപേക്ഷിച്ചു.'

അല്ലാഹു അദ്ദേഹത്തിന് ആ സ്ഥാനം നല്കേണ്ടതുണ്ടായിരുന്നു. അക്കാരണത്താലാണ് അനുവാദം കിട്ടിയത്. പിന്നീടൊരിക്കലും അതനുസരിച്ച് അവിടന്ന് പ്രവർത്തിച്ചില്ല. താൻ നോമ്പു പിടിക്കാറുണ്ടായിരുന്നുവെന്ന് ഇടയ്ക്കിടെ പറയുമായിരുന്നു. തന്നിൽ വിശ്വസിക്കുന്നവരേയും ഇങ്ങനെ ചെയ്യുന്നതിൽനിന്ന് അവിടന്ന് വിലക്കി.

അദ്ദേഹം വന്ന് ഒരു ജമാഅത്തുണ്ടാക്കുകയും അങ്ങനെ കലഹമുണ്ടാക്കുകയും ചെയ്തു എന്നതാണ് ഒരു ആക്ഷേപം. മുസ്‌ലീംകളിൽ അദ്ദേഹത്തിന്റെ വാക്ക് അനുസരിച്ച് 73-ാമത് കക്ഷിയെ അദ്ദേഹം ഉണ്ടാക്കി. കക്ഷിഭേദം കുറയ്ക്കുകയായിരുന്നു വേണ്ടിയിരുന്നത്. ഇത് അധികം ഒരു കക്ഷി കൂടി ഉണ്ടാക്കിക്കൊണ്ട് വിഭാഗീയതയ്ക്ക് ആക്കം കൂട്ടി. പ്രവാചകന്മാർ വരുമ്പോൾ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകുന്നുവെന്ന കാര്യം ഓർക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെമേലും ഇതേ ആക്ഷേപം മക്കക്കാർ ഉന്നയിച്ചിരുന്നു. സഹോദരനിൽനിന്ന് സഹോദരനെ അകറ്റി. തങ്ങളെ പരസ്പരം ഭാഗിച്ചു. ഭിന്നിപ്പുണ്ടാക്കി. ശത്രുത സൃഷ്ടിച്ചു. വാസ്തവത്തിൽ കുഴപ്പം അവരിൽ ആദ്യമെ നിലനിന്നിരുന്നതാണ്. ഇതേ അവസ്ഥ തന്നെയാണ് ഇക്കാലത്തെ മുസ്‌ലീംകളുടേതും. ഇപ്പോഴും കുഴപ്പത്തിന്റെ അവസ്ഥ അവരിൽ നിലനില്ക്കുന്നുണ്ട്. നബിയെ അല്ലാഹു അയക്കുന്നത് കുഴപ്പത്തിന്റെ അവസ്ഥ അകറ്റുന്നതിനും ഒരു കൈയിൽ ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഏകത്വത്തിനുവേണ്ടി ശ്രമിക്കുന്നതിനുമാണ്. വിശ്വസിക്കുന്നവർ സമാധാനത്തിൽ വരുന്നു. ഒരൊറ്റ ജനതയായിത്തീരുന്നു. ഫസാദുകളിൽനിന്ന് അകലുന്നു. എതിരാളികൾ ഫസാദുകളിൽ അകപ്പെടുന്നു. നമുക്കെതിരിൽ എതിരാളികൾ സംഘടിച്ചുകൊണ്ട് എത്രമാത്രം എതിർപ്പുകൾ ഉണ്ടാക്കിയാലും അവർ പരസ്പരം ഭിന്നിച്ചവരായിത്തന്നെ നിലനില്ക്കുന്നതാണ്. അവരുടെ മനസ്സുകളിൽ വിള്ളലുകളാണുള്ളത്. ഒന്നല്ല, തമ്മിൽത്തമ്മിൽ തലതല്ലിപൊളിച്ചുകൊണ്ടിരിക്കുന്നു. ഇവർ ഇമാമിനെ വിശ്വസിക്കാത്തിടത്തോളം ഇങ്ങനെതന്നെയായിരിക്കും ഉണ്ടായിരിക്കുക. നമ്മളെ മുസ്‌ലിമെന്ന് പറഞ്ഞാലും വേണ്ടില്ല, മുസ്‌ലിമല്ലെന്ന് പറഞ്ഞാലും വേണ്ടില്ല. എന്തുപേർ ഇവർ വെച്ചാലും വേണ്ടില്ല നമ്മൾ അല്ലാഹു നല്കിയിരിക്കുന്ന നിർവചനമനുസരിച്ചും നബി(സ)തിരുമേനി നല്കിയിരിക്കുന്ന നിർവചനമനുസരിച്ചും യഥാർഥ മുസ്‌ലീംകളാണ്. ഈ നാമം പറയുന്നതിൽനിന്ന് ഞങ്ങളെ ആർക്കും തടയാൻ കഴിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതേ ഫസാദുകളുടെ രേഖാചിത്രം വരച്ചുകൊണ്ട് പറയുന്നു, ഒരു സ്നേഹിതൻ കേൾപ്പിക്കുകയുണ്ടായി, 'ഒരിക്കൽ ഒരു അഹ്‌ലെ ഹദീഥുകാരൻ ഹനഫികളുടെ മസ്ജിദിൽ അവരോടൊപ്പം ജമാഅത്തായിട്ട് നമസ്കരിക്കുകയായിരുന്നു. അത്തഹിയ്യാത്തിൽ അയാൾ വിരലുയർത്തി. തശ്ഹദു ചൊല്ലുമ്പോൾ അയാളുടെ വിശ്വാസപ്രകാരം അയാൾക്ക് വിരൽ ഉയർത്തേണ്ടതുണ്ടായിരുന്നു. അപ്പോൾ പിന്നിൽനിന്ന നമസ്കാരക്കാരെല്ലാം അയാളുടെമേൽ ചാടിവീണു. ഹറാമീ, ഹറാമീ എന്നു വിളിക്കാൻ തുടങ്ങി.' അതായത് ഹനഫികൾ തശ്ഹദു ചൊല്ലുമ്പോൾ വിരലുയർത്താറില്ല. നമസ്കരിക്കുകയാണ്, നമസ്കാരം തകർക്കുന്നത് എത്രമാത്രം വലിയ പാപമാണ് എന്നൊന്നും അവർ നോക്കിയില്ല. നമസ്കാരംവിട്ട് അയാളുടെ വിരലിലേക്കുതന്നെ അവർ നോക്കിക്കൊണ്ടിരിക്കുകയും അയാളെ ചീത്ത വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. അയാളെ മർദിക്കാനും തുടങ്ങി.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഈ കലഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)വരുന്നതിന് മുമ്പേയുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിട്ട് അത് പരിഹരിച്ചു. പരിക്കേല്പിക്കുന്നവൻ കുഴപ്പക്കാരനാണ്.' (ഇപ്പോൾ ചോദിക്കുന്നത് ആരെയെങ്കിലും മർദിക്കുന്നവനാണോ കുഴപ്പക്കാരൻ, പരിക്കേല്പിക്കുന്നവനാണോ കുഴപ്പക്കാരൻ) അതോ കത്തിയെടുത്ത് ചികിത്സയ്ക്ക് തയ്യാറാകുന്ന ഡോക്ടറോ? എന്നാണ്.' (രണ്ടുതരത്തിലുള്ള ആളുകളാണ് മുറിവേല്പിക്കുന്നത്. ഒരുകൂട്ടർ മർദിച്ച് പരിക്കേല്പിക്കുന്നവരാണ്. ഒരുകൂട്ടർ ഡോക്ടർമാരാണ്. അവർ ചികിത്സയ്ക്കുവേണ്ടി മുറിവുണ്ടാക്കുന്നു.) ഒരാൾക്ക് പനിയാണ്. വായ കയ്ക്കുന്നുണ്ടെങ്കിൽ ഡോക്ടർ കോനീൻ കൊടുക്കുന്നു. ആ ദ്രോഹി വായ കയ്പിച്ചുവെന്ന് ആരും പറയുകയില്ല. ഡോക്ടർ കഫം പുറത്തെടുക്കുന്നില്ലെങ്കിൽ രോഗം മൂർച്ഛിക്കുന്നു. പിന്നെ കഫം പുറത്തെടുക്കുന്നതിനെ ആക്ഷേപിക്കുന്നതെന്തിന്? എല്ല് പൊട്ടിപ്പോയി. മുറിവ് കത്തികൊണ്ട് വൃത്തിയാക്കുന്നില്ലെങ്കിൽ, നീറുന്ന മരുന്ന് ഉറ്റിക്കുന്നില്ലെങ്കിൽ രോഗിയുടെ അവസ്ഥ എങ്ങനെ മെച്ചപ്പെടാനാണ്? അയാളുടെ ജീവൻതന്നെ അപകടത്തിലായിരിക്കും. ഈ പരിതഃസ്ഥിതിയിൽ ഒരു ഡോക്ടറെ എങ്ങനെയാണ് കുറ്റവാളി ആക്കാൻ കഴിയുക? (ഡോകടർ ആർക്കെങ്കിലും എന്തെങ്കിലും വിഷമം ഉണ്ടാക്കുന്നെങ്കിൽ അത് ചികിത്സാർഥമാണ്.) അവിടന്ന് പറയുന്നു, ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഇതേ ഭിന്നിപ്പിനെ സംബന്ധിച്ച് ചോദിച്ചു. താങ്കൾ വന്ന് ഭിന്നിപ്പ് കൂട്ടി എന്നു പറഞ്ഞു. അവിടന്ന് പറഞ്ഞു, ശരി താങ്കൾ പറയുക, താങ്കളുടെ നല്ല പാല് ചീത്തയാകാതെ സൂക്ഷിക്കുന്നതിന് തൈരിന്റെകൂടെയാണോ വെക്കാറുള്ളത്? അതോ വേറിട്ടോ? (പാല് കേടുവരാതിരിക്കാൻ തൈരിൽനിന്ന് മാറ്റി വെക്കുകയാണ് ചെയ്യുന്നത്. അതിൽ തൈരിന്റെ ഒരുതുള്ളി വീണാൽ അതു പിരിഞ്ഞുപോകുന്നു.) തൈരിനോടൊപ്പം നല്ലപാല് ഒരു മിനിറ്റുപോലും നല്ലതായിരിക്കുകയില്ലെന്നത് പ്രകടമാണ്. (അതുകൊണ്ട് അവശയായ ജമാഅത്തുകളിൽനിന്ന് അല്ലാഹുവിനാൽ അയക്കപ്പെട്ടയാളിന്റെ ജമാഅത്തിനെ വേർപ്പെടുത്തേണ്ടത് നിർബന്ധമാണ്. ഈ കക്ഷി ഉണ്ടാക്കിയത് അല്ലെങ്കിൽ വേറിട്ടൊരു ജമാഅത്ത് സ്ഥാപിച്ചത് അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ഒരാളാണ്. അതിനെ ആ ജമാഅത്തുകളിൽനിന്ന് വേർപെടുത്തേണ്ടത് അനിവാര്യമായിരുന്നു. കക്ഷിപ്രതികക്ഷികളിൽനിന്ന് വേർപ്പെടുത്തേണ്ടത് നിർബന്ധമായിരുന്നു.) രോഗിയിൽനിന്ന് അകലം സ്വീകരിച്ചില്ലെങ്കിൽ ആരോഗ്യവാനും അതിൽ അകപ്പെടുന്നതുപോലെ ആത്മീയമായ രോഗികളിൽനിന്ന് ദൈവനിയോഗിതന്റെ ജമാഅത്തിനെ മാറ്റി നിറുത്തുക എന്നത് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടി ക്രമമാണ്. അതുകൊണ്ട് ജനാസ, വിവാഹം, നമസ്കാരമെല്ലാം പ്രത്യേകമായിരിക്കണമെന്നത് അല്ലാഹുവിന്റെ കല്പനയാണ്.'സ്ത്രീകളെ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറയുകയായിരുന്നു. അവിടന്ന് പറയുന്നു:'ഭൂരിഭാഗം സ്ത്രീകളും അഭിപ്രായ ഭിന്നത വെച്ചു പുലർത്തുന്നവരാണ്. അതുകൊണ്ട് ഞാൻ സ്ത്രീകളെ ഉപദേശിക്കുകയാണ്, എപ്രകാരം രോഗിയോടൊത്തുള്ള സഹവാസത്തിൽ ആരോഗ്യവാന്റെ ജീവിതവും അപകടത്തിലകപ്പെടുന്നുവോ ഓർമിക്കുക! ഇതേ അവസ്ഥതന്നെയാണ് നിങ്ങൾ അനഹ്മദികളുമായി ബന്ധം വെക്കുമ്പോഴുണ്ടാകുന്നത്. മിക്ക സ്ത്രീകളും ചോദിക്കുന്നത് സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധം എങ്ങനെ ഉപേക്ഷിക്കാനാണെന്നാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു, ഭൂകമ്പം വന്നാൽ, അല്ലെങ്കിൽ തീ പിടിച്ചാൽ സഹോദരനേയും സഹോദരിയേയും ഗൗനിക്കാതെ എന്നല്ല അവരെ പിമ്പുറം തള്ളിക്കൊണ്ട് സ്വയം ആ വീണുകൊണ്ടിരിക്കുന്ന മച്ചിന്റെ കീഴെനിന്ന് എത്രയും വേഗം ഇറങ്ങി ഓടാൻ ശ്രമിക്കുന്നവർ, പിന്നെ ദീനിന്റെ കാര്യം വരുമ്പോൾ എന്തിനാണ് ഇങ്ങനെ ചിന്തിക്കുന്നത്. വാസ്തവത്തിൽ ഇത് ഭൗതികസുഖത്തിന്റെ വികാരങ്ങളാണ്. (അതൊരു നാശമായി മനസ്സിലാക്കുകയാണെങ്കിൽ, 'എന്തിന് അവരിൽനിന്ന് വേർപെ

ടണം, തങ്ങളിൽ എന്തിന് വിള്ളലുണ്ടാക്കണം' തുടങ്ങിയുള്ള അത്തരം വിചാരങ്ങൾ പിന്നെ ഉണ്ടാകുകയില്ല. അവിടന്ന് പറയുന്നു: ഇത് നാശത്തിന്റെ സമയമായി നിങ്ങൾ മനസ്സിലാക്കുന്നില്ല. ഇപ്പോൾ ദീനിന്റെ ഗ്രാഹ്യമുണ്ടായിട്ടുമില്ല. അതുകൊണ്ടാണ് ഈ ഭൗതികസുഖത്തിന്റെ വികാരങ്ങൾ നിങ്ങളെ വലയം ചെയ്തുകൊണ്ടിരിക്കുന്നത്. നശിക്കുമെന്നുള്ള വികാരമാണെങ്കിൽ ഇപ്രകാരമുള്ള പ്രതികരണം ഉണ്ടാകുകയില്ല.) അല്ലാഹു നിങ്ങളിൽ ആരുടെ എങ്കിലും അടുക്കൽ മലക്കുൽമൗത്തായ മലക്കിനെ അയക്കുകയും അദ്ദേഹം 'നിന്റെ സഹോദരന്റേയോ മറ്റേതെങ്കലും ബന്ധുവിന്റേയോ ജീവൻ പിടിക്കാനാണ് കല്പനയുള്ളത്, എന്നാൽ, സാരമില്ല, ഞാൻ അവർക്കുപകരം നിന്റെ തന്നെ ജീവൻ പിടിച്ചുകൊള്ളാം എന്നു പറയുകയും' ചെയ്താൽ (ആരും അത് സമ്മതിക്കുകയില്ല.)സ്ത്രീകളും സമ്മതിക്കുകയില്ല. അല്ലാഹു പറയുന്നു: യാ അയ്യുഹല്ലദീന ആമനൂ ഖൂ അൻഫുസക്കും വ അഹ്‌ലീക്കും നാറാ നിങ്ങൾ നിങ്ങളുടേയും നിങ്ങളുടെ കുടുംബക്കാരുടേയും ജീവനെ തീയിൽനിന്ന് രക്ഷപ്പെടുത്തിക്കൊള്ളുക. ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു അനുയായി അനഹ്മദിയെ വിവാഹം കഴിക്കുകയാണെങ്കിൽ ഭർത്താവു കാരണത്താൽ തീർച്ചയായും അവർ അഹ്മദിയ്യത്തിൽനിന്ന് അകന്നുപോകും. അല്ലെങ്കിൽ ദുഃഖിച്ച് ദുഃഖിച്ച് മരിക്കുന്നതാണ്. (കാരണം വീട്ടിൽചെല്ലുമ്പോൾ അവളുടെമേൽ അക്രമങ്ങൾ ചെയ്യാൻ തുടങ്ങുന്നു.) മതപരമായ ഏകപക്ഷീയത കാരണത്താൽ അവളുടെ ബന്ധുക്കളിൽനിന്ന് അവളെ വേർപെടുത്തുന്നതായിരിക്കും. (ഇപ്രകാരം ഇന്നും നടന്നു വരുന്നുണ്ട്.) ഇതൊരു തീയാണ്. ഏതെങ്കിലും സ്ത്രീ സ്വന്തം കൈകൊണ്ട് അവർ തന്റെ മകളെ തീയിൽ ഇടുമോ? എന്നാൽ, ഇപ്രകാരം ചെറിയൊരു ബന്ധത്തിനു വേണ്ടി അവളെ തീയിൽ ഇടുകയാണ് ചെയ്യുന്നത്. ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്.'(അൻവാറുൽ ഉലൂം വാള്യം 11 പേജ് 518-519)

അനഹ്മദികളിൽ അഹ്മദികളായ നമ്മൾ വിവാഹം കഴിക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുന്നു. അത് ഭിന്നിപ്പുണ്ടാക്കാനല്ല. മറിച്ച് ഞങ്ങളെ സ്വയം രക്ഷിക്കുന്നതിനുള്ള ശ്രമമാണ്. ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുന്നതിനുള്ള ശ്രമമാണ്. പക്ഷേ, ഇത് മനസ്സിലാക്കുന്നത് ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുന്നതിന്റെ ആത്മാവ് ഉൾക്കൊള്ളുന്നവരാണ്. ഇതിൽ അഹ്മദീ പെൺകുട്ടികളെ വിട്ട് അന്യരിൽ വിവാഹം കഴിക്കുന്ന ആൺകുട്ടികളും പെടുന്നു. അതുകൊണ്ട് ആൺകുട്ടികളും മനസ്സിലാക്കേണ്ടതാണ്. അവർ തങ്ങളെ അഹ്മദി എന്ന് പറയിപ്പിക്കുകയും യഥാർഥ അഹ്മദിയായി മനസ്സിലാക്കുകയും ചെയ്യുന്നെങ്കിൽ വ്യക്തിപരമായ ആഗ്രഹങ്ങൾ മാത്രം നോക്കാതെ വിവാഹപ്രായമാകുമ്പോൾ അഹ്മദീ പെൺകുട്ടികളെ വിവാഹം കഴിക്കുക. നിങ്ങളുടെ ഭൗതികമായ ആഗ്രഹങ്ങൾക്കുമേൽ വരും തലമുറയ്ക്കും ദീനിനും മുൻഗണന നല്കുക. ഇല്ലെങ്കിൽ പെൺകുട്ടികൾ അന്യരിൽ വിവാഹം കഴിക്കുന്നതുകൊണ്ടു മാത്രം തലമുറകൾ നശിക്കുകയില്ല; പ്രത്യുത ആൺകുട്ടികൾ അന്യരിൽ വിവാഹങ്ങൾ കഴിക്കുന്നതുകൊണ്ടും നശിച്ചുപോകുന്നു. അഹ്മദീ വെറും സാമൂഹികമായ സമ്മർദം കാരണത്താൽ അഹ്മദിയായിരിക്കരുത് എന്ന കാര്യം എല്ലാ ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കേണ്ടതാണ്. മറിച്ച് ദീൻ മനസ്സിലാക്കി അഹ്മദിയാകാൻ ശ്രമിക്കുക. അഹ്മദീ ആൺകുട്ടികൾ ജമാഅത്തിന് വെളിയിൽ വിവാഹം കഴിച്ചുകൊണ്ടിരുന്നാൽ അഹ്മദീ പെൺകുട്ടികളെ എവിടെയാണ് വിവാഹം കഴിപ്പിക്കപ്പെടുക? അതുകൊണ്ട് ആൺകുട്ടികളും ആലോചിക്കേണ്ട ആവശ്യമുണ്ട്. ഇതിലേക്കുള്ള ചായ്‌വ് വളരെ അധികം കൂടാൻ തുടങ്ങിയിരിക്കുന്ന ഇക്കാലത്ത് ഇതിൽ സൂക്ഷ്മതപാലിക്കുന്നില്ലെങ്കിൽ തുടർന്ന് ഇതിനോടുള്ള താല്പര്യം വർധിച്ചുകൊണ്ട് പോകുകയാണ് ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുന്ന ആരിലെങ്കിലുമല്ലാതെ പിന്നീട് തലമുറകളിൽ അഹ്മദിയ്യത്ത് നിലനില്ക്കുകയില്ല.

ജമാഅത്തിനു വെളിയിൽ വിവാഹം കഴിക്കാൻ മുതിരുന്ന മിക്ക ആൺകുട്ടികളോടും ഞാൻ പറയുന്നത് അഹ്മദികളായ നിങ്ങൾ, അഹ്മദി പെൺകുട്ടികളോടുള്ള കടമയും നിറവേറ്റുക എന്നാണ്. ഇനി എന്തെങ്കിലും കാരണത്താൽ നിർബന്ധിതനായി സ്വയം വിവാഹബന്ധം ജമാഅത്തിനു വെളിയിൽ ഉറപ്പിച്ചാൽ ഒരു അഹ്മദി ഏതെങ്കിലും യുവാവിനെ അഹ്മദിയ്യത്തിൽ കൊണ്ടുവരികയും അവനെ ആത്മാർഥ അഹ്മദി ആക്കുകയും ചെയ്യുക. അവനെക്കൊണ്ട് അഹ്മദീ പെൺകുട്ടിയെ വിവാഹം കഴിപ്പിക്കുക. ഇതു മുഖേന നിങ്ങൾക്ക് തബ്‌ലീഗ് ചെയ്യാനും ശ്രദ്ധയുണ്ടാകും. പിന്നീട് ഈ ബോധംകൊണ്ട് സ്വയം അഹ്മദി പെൺകുട്ടിയെ വിവാഹം കഴിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകും.

എന്തായാലും പെൺകുട്ടികളുടെ വിവാഹപ്രശ്നങ്ങളുണ്ട്. ഇത് ഇന്നു തുടങ്ങിയതല്ല. പണ്ടുമുതലേയുള്ളതാണ്. ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിടത്തു പറയുന്നു: 'ഒരു പ്രധാന വിഷയമുണ്ട്. അതിനെസംബന്ധിച്ച് ഞാൻ ഇന്ന് കുറച്ച് വിവരിക്കാൻ ആഗ്രഹിക്കുകയാണ്. അത് അഹ്മദികളും അനഹ്മദികളും തമ്മിലുള്ള നിക്കാഹിന്റെ പ്രശ്നമാണ്. ഇതു സംബന്ധമായി കുഫുഒപ്പിക്കുന്നതിന്റെ പ്രശ്നവുമുണ്ടാകുന്നു. വിവാഹങ്ങളെ സംബന്ധിച്ച് നമ്മുടെ ജമാഅത്തിലെ ആളുകൾക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങളെ കുറിച്ച് എനിക്ക് മുമ്പേയും അറിയുന്നതാണ്. പക്ഷേ, ഈ ഒമ്പത് മാസത്തിന്നിടയിൽ ധാരാളം പ്രയാസങ്ങളും തടസ്സങ്ങളുമാണ് മനസ്സിലായിട്ടുള്ളത്. (തന്റെ ഖിലാഫത്തിനുശേഷം ഒമ്പത് മാസം കഴിഞ്ഞാണ് ജൽസ സാലാന നടന്നത്. 1914-ൽ നടത്തിയ പ്രസംഗത്തിലാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നത്.) ജനങ്ങളുടെ കത്തുകളിൽനിന്ന് മനസ്സിലാകുന്നത് ഇക്കാര്യത്തിൽ നമ്മുടെ ജമാഅത്തിന് കഠിനമായ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നാണ്.' ഇന്നും അതേ അവസ്ഥയാണ്. ഈ ബുദ്ധിമുട്ട് തുടർന്നുകൊണ്ട് പോകുകയാണ്. പ്രയാസങ്ങളുണ്ട്. ഈ പ്രയാസങ്ങൾക്ക് നമ്മൾ പരിഹാരം കാണുകയും വേണം.)ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനെ സംബന്ധിച്ച് പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അഹ്മദീ പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും പേരുകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുക. അദ്ദേഹം ഈ രജിസ്റ്റർ വെച്ചത് ആരോ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ്. വിവാഹബന്ധങ്ങളുടെ കാര്യത്തിൽ കഠിനമായ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്ന് അയാൾ പറഞ്ഞിരുന്നു. നമ്മുടെ ജമാഅത്ത് വ്യത്യസ്തമാണ്. അതുകൊണ്ട് മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കരുതെന്നാണ് അങ്ങ് പറയുന്നത്. അപ്പോൾ എന്താണ് ഇപ്പോൾ ചെയ്യുക? ഒരു രജിസ്റ്റർ വെക്കുക, അതിൽ വിവാഹപ്രായമായ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരെഴുതുക. ബന്ധം ലഭിക്കാത്തവർക്ക് ഇങ്ങനെ ബന്ധം മനസ്സിലാക്കാൻ എളുപ്പമുണ്ടാകും. ഹുദൂറിനോടു ആരെങ്കിലും ബന്ധത്തെ കുറിച്ച് പറഞ്ഞാൽ ഈ രജിസ്റ്റർ നോക്കി അവർക്ക് ബന്ധം പറഞ്ഞു കൊടുക്കാവുന്നതാണ്. കാരണം അങ്ങ് പറഞ്ഞാൽ അനുസരിക്കാത്ത ഒരു അഹ്മദിയുമില്ല. ഇതാണ് അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞത്.(ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ആ വ്യക്തി പറഞ്ഞത്). ചിലയാളുകൾ തങ്ങളുടെ എന്തെങ്കിലും ആഗ്രഹം ഇടയിൽവച്ചുകൊണ്ടായിരിക്കും ഏതെങ്കിലും കാര്യ പറയുന്നത്. അത്തരക്കാർ അവസാനം തീർച്ചയായും പരീക്ഷണത്തിലകപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ചില ഘട്ടങ്ങളിൽ പ്രശ്നങ്ങൾ ആളുകൾ സമർപിക്കുന്നു. തങ്ങളുടെ എന്തെങ്കിലും കാര്യം പറയുമ്പോൾ- സ്വാർഥപരമായ ചില ഉദ്ദേശ്യങ്ങളുമുണ്ടാകുന്ന കാരണത്താൽ പരീക്ഷണത്തിലകപ്പെട്ടുപോകുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ആ ആളുടെ ഉദ്ദേശ്യവും നല്ലതല്ലായിരുന്നു എന്നാണ് തോന്നുന്നത്. ആ നാളുകളിൽ ആത്മാർഥനും സാത്വികനുമായ ഒരു സ്നേഹിതന് വിവാഹം കഴിക്കേണ്ട ആവശ്യം വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് രജിസ്റ്റർ വെക്കാൻ പറഞ്ഞ ആൾക്ക് ഒരു മകളുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആ വ്യക്തിയുടെപേര്, വിവാഹാലോചനയ്ക്കുവന്ന യുവാവിന് പറഞ്ഞുകൊടുത്തു. (അതായത് രജിസ്റ്റർ വെക്കാൻ പറഞ്ഞയാൾക്ക് വിവാഹ പ്രായമായ പെൺകുട്ടി ഉണ്ടായിരുന്നു. വിവാഹം കഴിക്കാൻ വന്ന യുവാവിനോടു ആ വ്യക്തിയെ കാണാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു.)പക്ഷേ, അയാൾ ബുദ്ധിശൂന്യമായ ഒഴികഴിവ് പറഞ്ഞ് ആ ബന്ധം ഒഴിഞ്ഞു. ആ പെൺകുട്ടിയെ അനഹ്മദിക്ക് വിവാഹം ചെയ്തുകൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതറിഞ്ഞപ്പോൾ 'ഇന്നുമുതൽ താൻ വിവാഹകാര്യത്തിൽ ഇടപെടുകയില്ല' എന്നു പറഞ്ഞു. അങ്ങനെയാണ് ആ പദ്ധതി നിലച്ചുപോയത്. പക്ഷേ, അന്ന് നടപ്പിൽ വന്നിരുന്നെങ്കിൽ ഇന്ന് അഹ്മദികൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസമുണ്ടാകുമായിരുന്നില്ല.'(അൻവാറുൽ ഉലൂം വാള്യം 2 പേജ് 209)

ചില ഘട്ടങ്ങളിൽ നബിയുടെ മുമ്പിലുള്ള ഒരു നിഷേധം ജമാഅത്തിന് പിന്നീട് സ്ഥിരമായ പരീക്ഷണമായിത്തീരുന്നു. അന്യരിൽ വിവാഹം കഴിച്ചതിനുശേഷം അധികം കഴിയുന്നതിന് മുമ്പേ ഭൂരിപക്ഷമാളുകൾക്കും തങ്ങളുടെ തെറ്റ് അനുഭവപ്പെട്ടു തുടങ്ങാറുണ്ട്. ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളും മനസ്സിലാകുന്നു. തങ്ങൾ മാതാപിതാക്കളെ ധിക്കരിച്ചുകൊണ്ടെടുത്ത തീരുമാനത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഇപ്പോഴും പല ആളുകളും- പെൺകുട്ടികൾ സ്വയം തന്നെ എഴുതാറുണ്ട്. ദീനിൽനിന്ന് അകന്നുപോയി. അമ്മോശൻ അല്ലെങ്കിൽ ഭർത്താവ് തങ്ങളുടെ മാതാപിതാക്കളേയും ബന്ധുക്കളേയും കാണുന്നതിനുപോലും വിലക്കേർപ്പെടുത്തിയിരിക്കുന്നുവെന്ന് പെൺകുട്ടികൾ എഴുതുന്നു. തങ്ങളുടെ അഹങ്കാരത്തിൽ ചിലപ്പോൾ നല്ല അഹ്മദി വിവാഹബന്ധം പോലും തള്ളിക്കളയുന്നവരുമുണ്ട്. ചിലപ്പോൾ പെൺകുട്ടിയ്ക്കും ആൺകുട്ടിയ്ക്കും ആ ബന്ധം ഇഷ്ടമായിരിക്കും. ചിലപ്പോൾ ഇന്ന സ്ഥലത്ത് ബന്ധമുറപ്പിക്കാൻ ഞാനും പറഞ്ഞിട്ടുണ്ട്, പക്ഷേ, അഹങ്കാരം കാരണം നിഷേധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ കാര്യം നിഷേധിച്ചവർ അക്കാലത്തുണ്ടായിരുന്നു. ഇപ്പോൾ ഞാൻ പറയുന്നത് നിഷേധിക്കുന്നത് അത്ര വലിയ കാര്യമൊന്നുമല്ല. പക്ഷേ, പിന്നീട് അത്തരക്കാരുടെ പര്യവസാനവും ഭയാനകമായിത്തീരുന്നു. ജർമനിയിൽ അത്തരം ഒരു സംഭവം ഉണ്ടായി. മാതാപിതാക്കൾ പെൺകുട്ടിയുടെ ഇഷ്ടത്തിനനുസരിച്ച് വിവാഹം നടത്തിക്കൊടുത്തില്ല. മകളുടെ വാശി കാരണം അവളെ കൊന്നുകളഞ്ഞു. ഇപ്പോൾ ജയിലിലാണുള്ളത്. അതുകൊണ്ട് അഹ്മദീ ആൺകുട്ടിയും പെൺകുട്ടിയും വിവാഹം കഴിക്കാനാഗ്രഹിച്ചാൽ അവരുടെ മാതാപിതാക്കളും വാശിപിടിക്കാതിരിക്കേണ്ടതാണ്. വ്യക്തിത്വത്തിന്റേയും ഈഗോയുടേയും ചതിയിൽപ്പെടാൻ പാടില്ല.

വിവാഹബന്ധത്തെ സംബന്ധിച്ച് പെൺകുട്ടികളിലും ഈ കാര്യം വ്യക്തമാക്കിയിരിക്കേണ്ടതാണ്. പെൺകുട്ടിയുടെ ഇഷ്ടം വിവാഹബന്ധത്തിന് പരിഗണിക്കേണ്ടതാണെങ്കിലും -നബി(സ)തിരുമേനി അവളുടെ ഇഷ്ടം സ്ഥാപിച്ചിട്ടുമുണ്ട്- പക്ഷേ, വലിയുടെ അനുവാദമില്ലാതെ നിക്കാഹ് അനുവദനീയമല്ലെന്ന കാര്യം ഇസ്‌ലാം നിർബന്ധമായും പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ആ മഹാത്മാവ് അല്ലാഹുവിൽനിന്നുള്ളയാൾ തന്നെയാണ്. അപ്പോൾ നമ്മുടെ ശരീഅത്ത് പറയുന്നത്, അതായത് ഇസ്‌ലാമിന്റെ ശരീഅത്ത് പറയുന്നത് വലിയുടെ അനുവാദം കൂടാതെ-ശരീഅത്ത് സ്വയം ഒഴിച്ച് നിറുത്തിയിട്ടുള്ളതൊഴികെ-ഒരു നിക്കാഹും അനുവദനീയമല്ലെന്നാണ്. ഇനി നിക്കാഹ് നടക്കുകയാണെങ്കിൽ അത് അന്യായമായിരിക്കും. നിയമവിരുദ്ധമായിരിക്കും. അത്തരക്കാർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. മനസ്സിലാക്കുന്നില്ലെങ്കിൽ അവരുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുക.

ഇത്തരത്തിലുള്ള സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും നടന്നിട്ടുണ്ട്. ഒരിക്കൽ ഒരു യുവതി ഒരാളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. എന്നാൽ, അവളുടെ പിതാവ് അതംഗീകരിച്ചില്ല. അവർ രണ്ടുപേരും ഖാദിയാനടുത്തുള്ള നങ്കലിലേക്കു പോയി. അവിടെ ചെന്ന്

ഏതോ മുല്ലാക്കയെ കൊണ്ട് നിക്കാഹ് ചെയ്യിച്ചു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരെ ഖാദിയാനിൽനിന്ന് പുറത്താക്കി. ഇപ്രകാരം ഏതോ ഒരു നിക്കാഹ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മുമ്പിലും നടന്നിരുന്നു. അവിടന്ന് പറഞ്ഞു, ഈ നിക്കാഹും അനുവദനീയമാണ്. ഇക്കാര്യമാണ് ഞാൻ ആ മാതാവിനോടു പറഞ്ഞത്. ആ പെൺകുട്ടിയോടു പറഞ്ഞത്. ആൺകുട്ടിയുടെ ഉമ്മയോടു പറഞ്ഞത്. ഒരു സ്ത്രീ വന്നിരുന്നു. പെൺകുട്ടിക്ക് അവരുടെ മകനെ ഇഷ്ടമായിരുന്നു. അവർ പറഞ്ഞു, എന്റെ മകൻ ഇഷ്ടപ്പെട്ട ഒരു പെണ്ണിനെ അവൻ നിക്കാഹ് ചെയ്തു. അതിലെന്തുകുറ്റമാണുള്ളത്. ഞാൻ അവരോടു പറഞ്ഞു, നോക്കൂ! നിങ്ങളുടെ മകന് ബന്ധം കിട്ടുന്നുണ്ട്. അതുകൊണ്ടാണ് നിങ്ങൾ ചോദിക്കുന്നത്, പെൺകുട്ടി ഇഷ്ടപ്പെടുന്ന സ്ഥിതിക്ക് വലിയുടെ ഇഷ്ടത്തിന്റെ ആവശ്യമെന്താണെന്ന്. പക്ഷേ, നിങ്ങൾക്കും പെൺമക്കളുണ്ട്. ഇനി അവരുടെ വിവാഹം നടന്നു കഴിഞ്ഞു എന്നാണെങ്കിൽ അവർക്കും പെൺകുട്ടികളുണ്ട്. അതിൽ ഏതെങ്കിലും ഒരു പെൺകുട്ടി ഇങ്ങനെ ഒരു അന്യപുരുഷനുമൊത്ത് ഇറങ്ങിപ്പോകുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 175-176)

അതുകൊണ്ട് ആദ്യം പറഞ്ഞു കഴിഞ്ഞതുപോലെ അനുവദനീയമായ കാരണം കൂടാതെയും കൊലപാതകംവരെ എത്തുന്ന അക്രമപരമായ പ്രവർത്തി ചെയ്യുന്നവരാകാതിരിക്കാനും ചെറിയ അഭിമാനത്തിന്റെ പേരിൽ മാതാപിതാക്കൾ അകാരണമായി ഇത്രമാത്രം കാർക്കശ്യം കാണിക്കാൻ പാടില്ല. ഇപ്രകാരംതന്നെ വീട്ടിൽനിന്ന് സ്വയം ഇറങ്ങിപ്പോയി ഏതെങ്കിലും കോടതിയിലോ ഏതെങ്കിലും മൗലവിയുടെ അടുക്കലോ ചെന്ന് വിവാഹം കഴിക്കാനോ നിക്കാഹ് ചെയ്യിക്കാനോ പെൺകുട്ടികൾക്കും ഇസ്‌ലാം അനുവാദം നല്കുന്നില്ല. എന്തെങ്കിലും നിർബന്ധിതാവസ്ഥകളാണെങ്കിൽ പെൺകുട്ടികൾക്കും കാലത്തിന്റെ ഖലീഫയ്ക്ക് എഴുതാവുന്നതാണ്. അവസ്ഥകളനുസരിച്ച് പിന്നീട് നല്ലതീരുമാനം അദ്ദേഹം നല്കുന്നതായിരിക്കും. അതിനാൽ ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുക എന്ന അടിസ്ഥാന കാര്യം പെൺകുട്ടികളും ആൺകുട്ടികളും മുന്നിൽ വെക്കുകയാണെങ്കിൽ അല്ലാഹു പിന്നീട് അനുഗ്രഹിക്കുന്നതായിരിക്കും.

ഒരു ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അല്ലാഹുവിനെ സ്മരിക്കുന്നതിനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനും അവനെ സ്നേഹിക്കുന്നതിനും അവന്റെ വിശേഷഗുണങ്ങൾ മുന്നിൽകൊണ്ടു വന്ന് ചിന്തിക്കുകയും ആ സിഫത്തുകൾ മുഖേന പിന്നീട് വ്യക്തിപരമായ ബന്ധം വർധിപ്പിക്കുകയും ചെയ്യുക എന്ന വിഷയം വിവരിക്കുകയായിരുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ശരിയായ ഗ്രാഹ്യം അപ്പോഴാണ് കരസ്ഥമാകുന്നത്. ഭൗതികമായബാഹ്യബന്ധവും സ്നേഹവും ഉണ്ടാക്കുന്നതിനും ഇഷ്ടത്തിന്റേയും ബന്ധത്തിന്റേയും പ്രകടനമുണ്ടാകുന്നതിനും ആരെയാണോ സ്നേഹിക്കുന്നത് അവന്റെ സാമീപ്യം ഉണ്ടാകേണ്ടതും അല്ലെങ്കിൽ കുറഞ്ഞപക്ഷം അതിന്റെ എന്തെങ്കിലും ഒരു രേഖാചിത്രം മുമ്പിലുണ്ടാകേണ്ടതും അനിവാര്യമാണെന്നത് പൊതുവായ പ്രകൃതിനിയമമാണ്. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'സ്നേഹിക്കാൻ ആരുടെയെങ്കിലും അസ്തിത്വം മുന്നിലുണ്ടാകുക, അല്ലെങ്കിൽ അയാളുടെ ചിത്രം മുമ്പിലുണ്ടാകുക എന്നത് അത്യാവശ്യമാണ്. ഉദാഹരണത്തിന് ഇസ്‌ലാം ഇങ്ങനെ പറഞ്ഞിരിക്കുന്നു. (ഇതൊരു പുതിയകാര്യമൊന്നുമല്ല. ഇക്കാലത്ത് വിവാഹബന്ധം ആലോചിക്കുന്നവർ ഫോട്ടോ അയക്കാൻ പറയുന്നു). പറഞ്ഞു, നിങ്ങൾ വിവാഹം കഴിക്കുമ്പോൾ സ്ത്രീയെ നേരിട്ട് കാണാൻ ഇസ്‌ലാം പറയുന്നു. ഇനി നേരിട്ട് കാണുന്നത് പ്രയാസമാണെങ്കിൽ ഫോട്ടോ(ഇക്കാലത്തും അക്കാലത്തും കാണാവുന്നതായിരുന്നു)കാണാവുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഉദാഹരണത്തിന് എന്റെ വിവാഹം നടന്നപ്പോൾ പ്രായം നന്നേ ചെറുതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഫോട്ടോ അയക്കാൻ ഡോക്ടർ റശീദുദ്ദീൻ സാഹിബനെഴുതി. അദ്ദേഹം ഫോട്ടോ അയച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഫോട്ടോ എനിക്കു തന്നു. എനിക്ക് ഈ പെൺകുട്ടിയെ ഇഷ്ടമാണെന്ന് പറഞ്ഞപ്പോൾ അവിടന്ന് എന്റെ വിവാഹം അവിടെ നടത്തി. അപ്പോൾ നോക്കാതെ സ്നേഹമുണ്ടാകുന്നതെങ്ങനെ? ഇത് അല്ലാഹു നിങ്ങളുടെ മുമ്പിൽ വരുന്ന കാര്യംപോലെയാണ്.(ഇവിടെന്ന് അല്ലാഹുവിന്റെ സ്നേഹത്തെ കുറിച്ചുള്ള-അതായത് അവന്റെ സ്നേഹം എങ്ങനെയാന്നുള്ള സംസാരം തുടങ്ങി-അല്ലാഹു നിങ്ങളുടെ മുമ്പിൽ വന്നെത്തുക) നിങ്ങൾ കണ്ണുകൾപൊത്തുകയും അല്ലാഹുവിന്റെ സ്നേഹമുണ്ടാകണമെന്ന് പറയുകയും ചെയ്യുക.(അവനെ കാണാതെ) ആ സ്നേഹമുണ്ടാകുന്നതെങ്ങനെ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പദ്യശകലമുണ്ട്:

ദീദാർ അഗർ നഹി തൊ ഗുഫ്ത്താർ ഹി സഹി
ഹുസ്നോ ജമാലെ യാർ കെ ആഥാർഹി സഹീ

അതായത് എന്തെങ്കിലമൊന്ന് നടക്കട്ടെ. ഇനി പ്രേമഭാജനം മുന്നിൽ വരുന്നില്ലെങ്കിൽ അവളുടെ ശബ്ദമെങ്കിലും ഒന്നു കേൾപ്പിക്കുക. പ്രേമഭാജനത്തിന്റെ സൗന്ദര്യത്തിന്റെ എന്തെങ്കിലമൊരു അടയാളം കാണാൻ കഴിയട്ടെ! ഇതാകുന്നു അല്ലാഹുവിന്റെ ചിത്രം.(അല്ലാഹുവിന്റെ ചിത്രമെന്താണ്? അല്ലാഹുവിന്റെ സവിശേഷഗുണങ്ങളാണ് അത്. റബ്ബാണ്, റഹ്മാനാണ്, റഹീമാണ്. മാലിക്കിയൗമിദ്ദീനാണ്, സത്താറാണ്, ഖുദ്ദൂസാണ്, മുഅ്മിനാണ്, മുഹയ്മിനാണ്, സലാമാണ്, ജബ്ബാറാണ്, ഖഹ്ഹാറാണ്, മറ്റു ദൈവഗുണങ്ങളാണ്. ഈ ചിത്രങ്ങളാണ് മനസ്സിൽ വരയ്ക്കപ്പെടുന്നത്. തുടർച്ചയായി ഈ സിഫത്തുകളെ നമ്മൾ നമ്മുടെ മനസ്സിൽ കൊണ്ടുവരുകയും അതിന്റെ തർജമ ചെയ്ത് മനസ്സിലിരുത്തുകയും ചെയ്യുമ്പോൾ ചില സിഫത്ത് അല്ലാഹുവിന്റെ ചെവിയാകുന്നതാണ്, ചിലസിഫത്ത് കണ്ണാകുന്നതാണ്, ചില സിഫത്ത് കൈയാകുന്നതാണ്, ചില സിഫത്ത് ഉടലാകുന്നതാണ്. ഇതെല്ലാം കൂടിച്ചേർന്ന് അല്ലാഹുവിന്റെ പൂർണചിത്രമായിത്തീരുന്നതാണ്." (അൽഫള്ൽ 1951 ജൂലായ് 18 പേജ് 5 വാല്യം 5/39 നമ്പർ 166)

അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നതിന് ഈ സിഫത്തുകളുടെ ചിത്രം സ്ഥിരമായി നമ്മുടെ മുമ്പിൽ വെക്കുകയെന്നത് യഥാർഥ ദൈവസ്നേഹത്തെ കരസ്ഥമാക്കുന്നവരാക്കുന്നു. അപ്പോഴാണ് മനുഷ്യൻ അല്ലാഹുവിന്റെ സാമീപ്യവും കരസ്ഥമാക്കാൻ ശ്രമിക്കുന്നത്.

ഒരു യഥാർഥ മുഅ്മിൻ ദീനിനുവേണ്ടി അഭിമാനവും തിളപ്പും കാണിക്കേണ്ടതാണ്. ഇക്കാര്യം വിവരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാവിൽനിന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് കേട്ടിട്ടുള്ളതാണ്. അതുകേട്ടിട്ടുള്ള നൂറുക്കണക്കിന് സ്വഹാബാക്കൾ ഇപ്പോൾ ജീവച്ചിരിക്കുന്നുണ്ട്. അവിടന്ന് പറയാറുണ്ടായിരുന്നു, ചിലസ്വഭാവക്കാരുണ്ട്. അവർക്ക് തങ്ങളുടെ സ്വാഭാവത്തിന്റെ അധഃപതനം കാരണത്താൽ അല്ലെങ്കിൽ സദുദ്ദേശ്യവും സൽഭാവനയും ഉണ്ടായിട്ടും ശരിയായ ഒരു മാർഗവും സ്വീകരിക്കാൻ കഴിയുന്നില്ല. അവിടന്ന് പറയാറുണ്ടായിരുന്നു, ഒരാളുണ്ടായിരുന്നു. തന്റെ മകൾക്കുവേണ്ടി ബന്ധം ആലോചിക്കാൻ അവൻ സുഹൃത്തിനോടു പറഞ്ഞു. കുറച്ചു ദിവസം കഴിഞ്ഞ് അയാളുടെ സുഹൃത്ത് വന്നു. താൻ നല്ലൊരു ബന്ധം അന്വേഷിച്ചെന്ന് അറിയിച്ചു. ചെറുക്കന്റെ വിവരമെന്താണെന്ന് അയാൾ ചോദിച്ചു. അയാൾ പറഞ്ഞു, ചെറുക്കൻ നല്ല മാന്യനാണ്. നല്ല മനുഷ്യനാണ്. മറ്റെന്തെങ്കിലും വിവരമുണ്ടെങ്കിൽ അതും കൂടി പറയാൻ അയാൾ പറഞ്ഞു. അയാൾ പറഞ്ഞു, മറ്റെന്തു പറയാനാണ്. ഇതൊക്കെത്തന്നെയാണ് വളരെ നല്ല മനുഷ്യനാണ്. പിന്നീട് അയാൾ പറഞ്ഞു, മറ്റെന്തെങ്കിലും കൂടി പറയുക.(നല്ല മനുഷ്യൻ എന്ന് മാത്രം പറഞ്ഞിട്ട് കാര്യമില്ലല്ലോ). അയാൾ പറഞ്ഞു, മറ്റെന്തു പറയാനാണ്. പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു, വളരെ നല്ല മനുഷ്യനാണ്.അപ്പോൾ പെൺവീട്ടുകാരൻ പറഞ്ഞു, നല്ല മനുഷ്യനെന്നല്ലാതെ മറ്റൊന്നുമില്ലാത്ത ഒരുത്തനെ ബന്ധത്തിലെടുക്കാൻ എനിക്ക് സാധ്യമല്ല.(ഒരു തൊഴിലുമില്ല. മറ്റെന്തെങ്കിലും കാര്യവുമില്ല. വെറും നല്ലമനുഷ്യൻ മാത്രമാണ്.) നാളെ ആരെങ്കിലും വന്ന് എന്റെ മകളെ എടുത്തുകൊണ്ടുപോയാൽ അവൻ നല്ല മനുഷ്യനായിക്കൊണ്ട് മിണ്ടാതെ കുത്തിയിരിക്കുകയേയുള്ളു. ചിലയാളുകളുണ്ട്. അവരിൽ നല്ല മനുഷ്യൻ മാത്രമേ ഉണ്ടാകുകയുള്ളു. പറഞ്ഞു, ധാർമികരോഷവും തിളപ്പും ഒന്നു ഉണ്ടാകുകയില്ല.(ദീനിന്റെ കാര്യത്തിലും അങ്ങനെതന്നെയായിരിക്കും. വളരെ മാന്യനാണ്. വളരെ നല്ല മനുഷ്യനാണ്. ധാർമികരോഷമൊന്നുമുണ്ടാകുകയില്ല. മതത്തെ സംബന്ധിച്ച് എന്തെങ്കിലും ആവേശമുണ്ടാകുകയില്ല.)സദുദ്ദേശ്യക്കാരനായതുകൊണ്ട് മുഅ്മിനെന്ന് തീർച്ചയായും പറയപ്പെടും. എന്നാൽ, അയാളുടെ നല്ലമനുഷ്യൻ എന്ന അവസ്ഥ അയാൾക്കു തന്നെയും ജമാഅത്തിനും ഹാനി ഉണ്ടാക്കുന്നതാണ്.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 206)

അതുകൊണ്ട് എന്തായാലും ധാർമികരോഷം കാണിക്കേണ്ടതാണ്. ജമാഅത്തിന്നെതിരിൽ ആക്ഷേപമുന്നയിക്കുന്ന അത്തരക്കാരും ഇപ്പറഞ്ഞ രീതിയിലുള്ള നല്ല മനുഷ്യരും ഈ ആക്ഷേപമുന്നയിക്കുന്നവരുടെ മജ്‌ലിസുകളിൽ കുത്തിയിരിക്കുമ്പോൾ തെറ്റായ കാര്യങ്ങളായിരിക്കും ചെയ്യുന്നത്. വെറും നല്ല മനുഷ്യൻ എന്നു പറഞ്ഞിട്ടു കാര്യമില്ല. അത്തരം മജ്‌ലിസിൽ ഇരിക്കുന്നതിലൂടെ അവർ അഭിമാനമില്ലാത്തവരായിത്തീരുന്നു. കുറഞ്ഞ പക്ഷം അത്തരം മജ്‌ലിസുകളിൽനിന്ന് എഴുന്നേറ്റു വന്നെങ്കിലും പ്രതിഷേധിക്കേണ്ടതാണ്. അത്തരം കാര്യങ്ങൾ സംസാരിക്കുന്നവനും സ്ഥിരമായി ഫിത്ന ഉണ്ടാക്കുന്നവനുമാണെങ്കിൽ നിളാമിനെ അത് അറിയിക്കേണ്ടതാണ്. അയാൾക്കെതിരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ നിളാമെ ജമാഅത്ത് കാലത്തിന്റെ ഖലീഫയെ വിവരം അറിയിക്കേണ്ടതാണ്.

ഇനി ഞാൻ അനഹ്മദി ജമാഅത്തിലെ മൗലവിമാർ എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നെതിരിൽ ജനമനസ്സുകളിൽ വിദ്വേഷവും പകയും നിറയ്ക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നതിനെസംബന്ധിച്ച് ഒരു സംഭവം വിവരിക്കാം. എങ്ങനെയാണ് കളവു പറയുന്നത്. ഇപ്പോഴും അതു പറയുന്നുണ്ട്. ഏതേതെല്ലാം തരത്തിലുള്ള ആക്ഷേപങ്ങളാണ് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ഇക്കൂട്ടർ ഇന്ദ്രജാലക്കാരനാണെന്ന് പറഞ്ഞിരുന്നു.(ഇവർ മസീഹ് മൗഊദിനെ ഇന്ദ്രജാലക്കാരനെന്നു വിളിച്ചിരുന്നു). എനിക്കോർമയുണ്ട്, ഒരു സ്നേഹിതൻ കേൾപ്പിച്ചു, അഹ്മദിയ്യത്തിന്റെ ഗ്രന്ഥങ്ങൾ ഒരിക്കലും വായിക്കരുതെന്നും (അനഹ്മദി മൗലവി തന്റെ ആളുകളോടു അഹ്മദികളുടെ ഗ്രന്ഥം വായിക്കരുതെന്ന് പറയുകയായിരുന്നു) ഖാദിയാനിൽ ഒരിക്കലും പോകരുതെന്നും പറഞ്ഞ് ഫിറോസ്പൂർ പ്രദേശത്ത് ഒരു മൗലവി പ്രസംഗിക്കുകയായിരുന്നു. ആ നുണയൻ താൻകൃതിച്ചെടുത്ത ഒരു സംഭവവും തന്റെ വാക്കിന് ഉപോൽബലകമായി കേൾപ്പിച്ചു.(ഇയാൾ പ്രസംഗിച്ചുകൊണ്ട് താൻ പറഞ്ഞ കാര്യം സത്യമാണെന്ന് സ്ഥാപിക്കാൻ എന്താണ് പറയുന്നതെന്ന് നോക്കുക)അയാൾ പറഞ്ഞു: ഒരിക്കൽ ഞാൻ ഖാദിയാനിൽ പോയി. എന്നോടൊപ്പം ഒരു നേതാവും ഉണ്ടായിരുന്നു.(ഞങ്ങൾ ഖാദിയാനിൽ പോയി). ഞങ്ങൾ അതിഥി മന്ദിരത്തിൽ താമസിച്ചു. മിർസാ സാഹിബിനെ കാണണമെന്ന് പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ മൗലവി നൂറുദ്ദീൻ സാഹിബ് വന്നു. വളരെ മധുരമധുരമായ കാര്യങ്ങൾ പറയാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ ഞങ്ങൾക്കുവേണ്ടി അലുവ കൊണ്ടുവന്നു. മൗലവി നൂറുദ്ദീൻ സാഹിബ് പറഞ്ഞു, ഇത് നിങ്ങൾക്കുവേണ്ടി തയ്യാറാക്കിച്ചതാണ്. മൗലവി സാഹിബ് പ്രസംഗത്തിൽ പറയാൻ തുടങ്ങി, ഈ അലുവയിൽ മാന്ത്രികവിദ്യ പ്രയോഗിച്ചിട്ടുണ്ടെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ഞാൻ അത് തൊട്ടതുപോലുമില്ല. എന്നാൽ, എന്റെ കൂട്ടുകാരന് അതറിയില്ലായിരുന്നു. അദ്ദേഹം ആ അലുവ തിന്നു. ഞാൻ എന്തെല്ലാമോ ഒഴികഴിവ് കാണിച്ചിട്ട് അവിടന്ന് മുങ്ങിക്കളഞ്ഞു. ഞാൻ അലുവ തിന്നിട്ടില്ലെന്ന് മൗലവി നൂറുദ്ദീൻ സാഹിബ് അറിഞ്ഞില്ല. (ആ തന്ത്രമാണ് ഞാൻ കാണിച്ചത്). അല്പം കഴിഞ്ഞപ്പോൾ അലുവ തിന്ന എന്റെ കൂട്ടുകാരൻ പറഞ്ഞു, എന്റെ മനസ്സ് വല്ലാതെ ആകർഷിച്ചുകൊണ്ടിരിക്കുന്നു, ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുകയാണ്.

അതായത് അയാളുടെമേൽ അലുവയുടെ സ്വാധീനമുണ്ടായി. എന്നാൽ, ഞാൻ തിന്നിരുന്നില്ല. മൗലവി സാഹിബ് പറഞ്ഞു, അതുകൊണ്ട് എന്നിൽ ആ ചുറ്റുപാടിന്റെ ഒരു സ്വാധീനവും ഉണ്ടായില്ല. അല്പം കഴിഞ്ഞപ്പോൾ മിർസാ സാഹിബ് തന്റെ ആഢംബര കുതിരവണ്ടി തയ്യാറാക്കി. അതിൽ അദ്ദേഹം ഇരിക്കുകയും മൗലവി നൂറുദ്ദീൻ സാഹിബിനെ ഇരുത്തുകയും ചെയ്തു. എന്നേയും കൂടെ ഇരുത്തി. (വീണ്ടും ആ മൗലവി സാഹിബ് കളവ് പറയാൻ തുടങ്ങി)മിർസാ സാഹിബ് ഞാനുമായി സംസാരിക്കാൻ തുടങ്ങി. ഞാനും പരീക്ഷിക്കാൻവേണ്ടി തലകുലുക്കിക്കൊണ്ടിരുന്നു.(അതേ, ശരി എന്നു പറഞ്ഞുകൊണ്ടിരുന്നു). ഞാൻ വിശ്വസിക്കുമെന്ന് അദ്ദേഹം കരുതി.(ഇയാൾ അലുവ തിന്നിട്ടുണ്ട് അതിനാൽ തീർച്ചയായും വിശ്വസിക്കുമെന്ന് മനസ്സിലാക്കി). മൗലവി സാഹിബ് പറഞ്ഞു, ആദ്യം അദ്ദേഹം പറഞ്ഞു താൻ നബിയാണെന്ന്. കുറച്ചു കഴിഞ്ഞപ്പോൾ പറഞ്ഞു, താൻ നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠനാണെന്ന്. (നഊദു ബില്ലാഹ്)പിന്നീടു പറഞ്ഞു താൻ ദൈവമാണെന്ന്(നഊദുബില്ലാഹ്)ഇക്കാര്യങ്ങൾ കേട്ട് ഞാൻ പറഞ്ഞു, അസ്തഗ്ഫിറുല്ലാഹ്. ഇതെല്ലാം കളവാണ്.(മൗലവി സാഹിബ് പറഞ്ഞു)അതുകേട്ട് മിർസാ സാഹിബ് മൗലവി നൂറുദ്ദീൻ സാഹിബിനോടു അത്ഭുതത്തോടെ ചോദിച്ചു, ഇയാളെ അലുവ തീറ്റിച്ചില്ലേ?(ഇയാളിൽ മന്ത്രം ഫലിക്കുന്നില്ലല്ലോ?) അദ്ദേഹം പറഞ്ഞു, തീറ്റിച്ചിരുന്നു.(പിന്നെന്തുകൊണ്ട് മന്ത്രം ഫലിച്ചില്ല. അത്ഭുതമെന്നു പറയട്ടെ! അല്ലാഹുവും ചിലപ്പോൾ അത്തരം അവസരത്തിൽത്തന്നെ സത്യം വെളിപ്പെടുത്താറുണ്ട്. ഇവിടേയും അങ്ങനെതന്നെ സംഭവിച്ചു.) അതേമജ്‌ലിസിൽ ഒരു അനഹ്മദി വക്കീലും ഇരിപ്പുണ്ടായിരുന്നു. (അദ്ദേഹം ഒരു മാന്യനായിരുന്നു. അനഹ്മദിയായിരുന്നു). അദ്ദേഹം ഒരു കാലത്ത് ചികിത്സയ്ക്കായി ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുത്ത് ഇവിടെ ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. മൗലവി സാഹിബിന്റെ സംസാരം കേട്ട് അദ്ദേഹം എഴുന്നേറ്റുനിന്നു. അദ്ദേഹം ആളുകളോടു പറഞ്ഞു, ഞാൻ മൗലവിമാരെ കുറിച്ച് ആദ്യമേ നല്ല അഭിപ്രായമുള്ള ആളല്ല. ഇവർ കള്ളന്മാരാണെന്ന് മുമ്പേ മനസ്സിലാക്കിയിരുന്ന ആളാണ്. ഇവരെക്കാൾ വലിയ കള്ളന്മാർ വേറെ ആരുമില്ലെന്ന് ഇന്ന് എനിക്ക് മനസ്സിലായി.(വക്കീൽ സാഹിബ് പറഞ്ഞു, ഞാൻ അഹ്മദിയല്ലെന്ന് നിങ്ങൾക്കറിയാം.) എന്നാൽ, ഞാൻ ചികിത്സയ്ക്കായി അവിടെ പോയി വന്നതാണ്. അവിടെ താമസിച്ചിട്ടുണ്ട്. മൗലവി പറഞ്ഞതെല്ലാം അസംബന്ധമാണ്.' അവിടെ ഇയാൾ പറയുന്നതുപോലുള്ള ഒരു ആഢംബര കുതിരവണ്ടിയുമില്ല. സാധാരണ കുതിരവണ്ടിയുമില്ല. അക്കാലത്ത് യക്കയാണുണ്ടായിരുന്നത്.(ഇപ്പോൾ ഈ മൗലവി പറയുന്നത് ആഢംബര കുതിരവണ്ടി വന്നു നിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിലിരുന്നു. മൗലവി നൂറുദ്ദീൻ സാഹിബിനേയും ഇരുത്തി. തന്നെയും ഇരുത്തിയത്രെ! ആഢംബര കുതിരവണ്ടിയെ കുറിച്ച് അക്കാലത്ത് സങ്കല്പിക്കാനെ സാധ്യമല്ല. ഇന്നും ഖാദിയാനിൽ അതില്ലെന്നതാണ് യാഥാർഥ്യം.) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഇവിടെ ഇന്ദ്രജാലമാണ് നടക്കുന്നതെന്ന് മനസ്സിലാക്കുന്ന ആളുകൾ ഇപ്പോഴുമുണ്ട്. കാരണം ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർ, അടികിട്ടിയിട്ടും അവരെ ചീത്ത വിളിച്ചിട്ടും നിന്ദിച്ചിട്ടും സാമ്പത്തികമായ നഷ്ടമുണ്ടാക്കിയിട്ടും അഹ്മദിയ്യത്തിനെ ഉപേക്ഷിക്കാതെ അതിൽ അനുരക്തരായിരിക്കുന്നത് അവർ കാണുന്നു. അവർ കരുതുന്നത് അടിയും ചീത്തവിളിയും നഷ്ടങ്ങളുമെല്ലാം അഹ്മദികൾ ഭയക്കണമെന്നാണ്. എന്നാൽ, അഹ്മദികളുടെമേൽ അതൊന്നും ഒരു സ്വാധീനവും ചെലുത്തുന്നില്ല.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 23 പേജ് 496-498) അപ്പോൾ തീർച്ചയായും എന്തെങ്കിലും ഇന്ദ്രജാലമുണ്ടെന്നാണ്. അതുകൊണ്ട് അവർ ഈ രീതിയിൽ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നു.

അല്ലാഹു ഈ വ്യാജ മൗലവിമാരിൽനിന്നും ഉമ്മത്തിനെ രക്ഷിക്കുമാറാകട്ടെ. ജനങ്ങൾക്ക് സത്യം തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ. നമുക്കും നമ്മുടെ ചുമതലകൾ മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ട് ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ ഹാജറാണ്. ജമ്മുകശ്മീരിലെ പരേതനായ മുഹമ്മദു ദീൻ സാഹിബിന്റെ മകൾ സക്കീന നാഹേദ് സാഹിബയുടേതാണ്. ഇവർ പരേതനായ ശേയ്ഖ് മുഹമ്മദ് ശരീഫ് സാഹിബിന്റെ ഭാര്യയാണ്. 2016 ഏപ്രിൽ 3-ന് 90-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

പരേതയുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അവരുടെ പിതാവുമുഖേനയാണ്. പരേത കശ്മീരിൽ എതിർപ്പുണ്ടായിട്ടും 16-ാം വയസ്സിൽ ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് കരസ്ഥമാക്കി. വിവാഹത്തിനുശേഷം പത്താംകോട്ടിൽ താമസമാക്കി. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയും ഹദ്റത്ത് ഉമ്മുൽമുഅ്മിനീനും ഡൽഹൗസിയിലേക്ക് പോകുമ്പോൾ അവരെ സൽക്കരിക്കാനുള്ള അവസരം പരേതയ്ക്ക് കിട്ടിയിരുന്നു. പാക്കിസ്താൻ നിലവിൽവന്നപ്പോൾ ഭർത്താവിനോടൊപ്പം ബദോംലഹിയിലേക്ക് ശിഫ്റ്റായി. ഇവിടെ സ്വദ്ർ ലജ്നഎന്നനിലയിൽ വർഷങ്ങളോളം അവർക്ക് സേവനമനുഷ്ഠിക്കാൻ തൗഫീഖ് കിട്ടി. 1974-ൽ എതിരാളികൾ അവരുടെ വീട് കൊള്ളയടിക്കുകയും തീയിട്ടു നശിപ്പിക്കുകയും ചെയ്തു. പക്ഷേ, ആ സമയം വളരെ സഹിഷ്ണുതയോടും സഹനത്തോടും കൂടി അവർ കഴിച്ചു കൂട്ടി. പിന്നീട് അവർ ഇവിടെ യു.കെ. യിലേക്ക് ശിഫ്റ്റായി. വളരെ സ്നേഹത്തോടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ തൗഫീഖ് ലഭിച്ചു. ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും വിശ്വാസപരമായ വലിയ ബന്ധം പുലർത്തിയിരുന്നു. രോഗിയായിരുന്നിട്ടും വാർധക്യം പ്രാപിച്ചിട്ടും ഇവിടെ എന്നെ കാണാൻ ഇടയ്ക്കിടെ വരുമായിരുന്നു. അവരിൽ വലിയ ആത്മാർഥത ഉണ്ടായിരുന്നു. വളരെ സാത്വികയും തഹജ്ജുദ് നമസ്കരിക്കുന്നവരും നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിക്കുന്നവരും പുണ്യവതിയുമായിരുന്നു. പരേത മൂസിയയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ മൂന്നു പെൺമക്കളും മൂന്നു ആൺമക്കളമുണ്ട്. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഖാളി അബ്ദുൽ ഗനി സാഹിബിന്റെ മകൻ ശൗക്കത്ത് ഗനി സാഹിബ് ശഹീദിന്റേതാണ്. ആസാദ് കശ്മീരിലെ നധേരവാസിയായിരുന്നു. ഈയിടെയായി റബ്വയിലാണ് താമസിക്കുന്നത്. ഇദ്ദേഹം പാക് സൈന്യത്തിൽ പട്ടാളക്കാരനെന്ന നിലയിൽ ഗവാദർ ബുലൂചിസ്താന്റെ പ്രദേശമായ പസ്നിയിൽ ഒരു അടിച്ചമർത്തൽ നടപടിയിൽ പങ്കെടുക്കുയായിരുന്നു. 2013 ഏപ്രിൽ 3ന് അപ്രതീക്ഷിതമായുണ്ടായ ഭീകരാക്രമണത്തിൽ 21-ാമത്തെ വയസ്സിൽ ദേശത്തിനുവേണ്ടി ബലിയായി. ശഹാദത്തിന്റെ പദവി പ്രാപിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മൗലവിമാർ ആക്ഷേപിക്കുന്നത് അഹ്മദി നാടിന്റെ ശത്രുവാണെന്നാണ്. ഇപ്പോൾ ബലിദാനം ചെയ്യുന്നതും ശഹാദത്തുകൾ സമർപിക്കുന്നതും അഹ്മദി തന്നെയാണ്.

ശഹീദ് മർഹൂംമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് ബീജാവാപം ചെയ്യുന്നത് അദ്ദേഹത്തിന്റെ പ്രപിതാമഹനായ ഖാളി ഖയ്റുദ്ദീൻ സാഹിബിന്റെ മകനായ ഖാളി ഫിറോസിദ്ദീൻ സാഹിബ്(റ)മുഖേനയാണ്. അദ്ദേഹം ആസാദ് കശ്മീരിലെ ഗോയിയിൽനിന്ന് മഹ്ബൂബ് ആലം സാഹിബിനോടൊപ്പം ഖാദിയാനിൽപോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹത്തിനോടൊപ്പം ഇദ്ദേഹത്തിന്റെ പ്രമാതാമഹൻ ബഹാദുർ അലി സാഹിബും(റ)നേരിട്ട് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഫിറോസിദ്ദീൻ സാഹിബിന്റെ കുടുംബം ഗോയിയിൽ മസ്ജിദിലെ പാരമ്പര്യ ഇമാമായി വരുകയായിരുന്നു. പ്രദേശത്തെ തറവാട്ടുകാരായിരുന്നു. ഫിറോസിദ്ദീൻ സാഹിബിന് ബയ്അത്തിനുശേഷം തന്റെ കുടുംബത്തിൽനിന്ന് ശക്തമായ എതിർപ്പ് അഭിമുഖീകരിക്കേണ്ടി വന്നു. ബഹിഷ്കരണവും സ്വത്തുക്കളുടെ നിഷേധവും ഒക്കെ ഉണ്ടായിട്ടും അദ്ദേഹം അഹ്മദിയ്യത്തിൽ അടിയുറച്ചുനിന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ ആത്മാർഥതയുള്ള കുടുംബമായിരുന്നു. ഖാളി ഫിറോസിദ്ദീൻ സാഹിബിന് കഠിനമായ ശ്വാസംമുട്ടുണ്ടാകുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ദുആ ചെയ്യാൻ അപേക്ഷിച്ചു. അല്ലാഹു ശിഫാ നല്കുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. ആ ദുആയുടെ അനുഗ്രഹംകൊണ്ട് അദ്ദേഹത്തിന്റെ കഠിനമായ ശ്വാസം മുട്ട് അതോടെ അവസാനിച്ചു. അദ്ദേഹം 80 വയസ്സിനു മീതെ ജീവിച്ചിരുന്നു.

പരേതനായ ശഹീദിന്റെ പിതാവ് അബ്ദുൽഗനി സാഹിബ് കുടുംബത്തോടൊപ്പം 2013 ഫെബ്രുവരി മാസത്തിൽ കശ്മീരിൽനിന്ന് ഹിജ്റത്ത് ചെയ്ത് റബ്വയിൽ വന്ന് താമസം തുടങ്ങി. ശഹീദിന്റെ ജനനം നധേരിയിലായിരുന്നു. 1995 മെയ് നാലിനാണ് ജനിച്ചത്. മെട്രിക്വരെ പഠിച്ചിട്ടുണ്ട്. ഒന്നരവർഷം മുമ്പേ പട്ടാളത്തിൽ ചേർന്നു. ഇപ്പോൾ ട്രൈനിംഗ് പൂർത്തിയാക്കിയിരുന്നു. പാസ്സിംഗ് ഔട്ട് പരേഡ് പൂർത്തിയാക്കിയതിനുശേഷം ഈയിടെയായി ഭീകരപ്രവർത്തനങ്ങൾക്കെതിരെയുള്ള ഓപ്പറേഷനിൽ ബുലൂചിസ്താനിലെ ഗവാദുർ സെക്ടറിൽ ഡ്യൂട്ടിയിൽ നിയമിതനായിരുന്നു. രണ്ടിനും മൂന്നിനും ഇടയ്ക്കുള്ള രാത്രിയിലാണ് ഈ ശഹാദത്ത് സംഭവം നടന്നത്. ശഹാദത്തിനുശേഷം ശഹീദ് മർഹൂമിന്റെ മയ്യിത്ത് കറാച്ചി, ലാഹോർ വഴി റബ്വയിൽ കൊണ്ടുവന്നു. ഇവിടെ പൂർണ സൈന്യബഹുമതിയോടെ ഖബ്റടക്കം നടന്നു. ശഹീദ് മർഹൂം വസ്വിയ്യത്ത് വ്യവസ്ഥിതിയിൽ അംഗമായിരുന്നു. ഇതിന് പുറമെ അദ്ദേഹം നിരവധി സൽഗുണങ്ങളുടെ ഉടമയായിരുന്നു. ലാളിത്യം, അതിഥിസൽക്കാരം, മറ്റുള്ളവരോടുള്ള സഹതാപം വ്യക്തമായിരുന്നു. ഓരോരുത്തരേയും സഹായിക്കാൻ സന്നദ്ധനായിരുന്നു. നമസ്കാരം കൃത്യമായും അനുഷ്ഠിച്ചിരുന്നു. ഖിലാഫത്തുമായി പ്രേമപരമായ ബന്ധമായിരുന്നു. പോസ്റ്റിംഗിനുശേഷവും ദൂരദൂരസ്ഥലങ്ങളിലായിരിക്കുമ്പോഴും ഫോണിലൂടെ ഖുത്ബ കേൾക്കുമായിരുന്നു. ശഹാദത്തിനു രണ്ടു ദിവസംമുമ്പേ തന്റെ എല്ലാ ചന്ദകളും അടച്ചുതീർത്തു. അദ്ദേഹത്തിന്റെ ശബ്ദവും മനോഹരമായിരുന്നു. ഉദ്യോഗത്തിന്നിടയിൽ അവിടെ ഒരു ഫംഗ്ഷനിൽ അനഹ്മദികളുടെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പദ്യം മനോഹരമായി അവതരിപ്പിക്കുകയുണ്ടായി. ധാരാളം അനഹ്മദികൾ അവിടെ സന്നിഹിതരായിരുന്നു. അവർ വളരെ പ്രശംസിച്ചു. ഇത്ര മനോഹരമായ പദ്യം ആരുടേതാണെന്ന് അവർ ചോദിച്ചു. തങ്ങൾ ഇതിനുമുമ്പേ ഇതു കേട്ടിട്ടില്ലെന്നും പറഞ്ഞു. സൃഷ്ടികളോടുള്ള സഹതാപവും അദ്ദേഹത്തിൽ ധാരാളമുണ്ടായിരുന്നു. ഉദ്യോഗത്തിന്റെ തുടക്കത്തിൽ അദ്ദേഹത്തിന് നാലുമാസത്തെ ശംബളം ഒരുമിച്ചു കിട്ടി. ആ സന്ദർഭത്തിൽ മറ്റൊരു പട്ടാളക്കാരൻ ശഹീദായിരുന്നു. അദ്ദേഹം ആ തുക മുഴുവനും തന്റെ ശഹീദ് കൂട്ടുകാരന്റെ കുടുംബത്തിന് സമ്മാനമായി നല്കി. വാസ്തവത്തിൽ ഇദ്ദേഹംതന്നെയും തന്റെ കുടുംബത്തെ സ്വയം പോറ്റുന്ന ആളായിരുന്നു. ശഹീദ് മർഹൂമിന്റെ പിതാവ് പറയുന്നു: ശഹാദത്ത് നടന്ന രാത്രിയിൽ ശഹീദ് മർഹൂം കുടുംബത്തിലെ മരിച്ചുപോയ പുണ്യാത്മാക്കളുടെ ഇടയിൽ ഇരിക്കുന്നത് ഞാൻ സ്വപ്നം കണ്ടിരുന്നു. അവന്റെ മുഖത്ത് വെള്ളനിറംകൊണ്ട് നിറഞ്ഞ ഒരു പ്രകാശം പതിഞ്ഞുകൊണ്ടിരിക്കുന്നു. അതുമുഖേന അവന്റെ മുഖം പ്രകാശമയമായി. മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി അതു കാണുന്നുണ്ടായിരുന്നു. റബ്വയിൽ താമസിക്കുന്നതിടെ വിവിധ പ്രവർത്തനങ്ങളും ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹം സഈമുമായിരുന്നു. പൊതുവായിട്ടുള്ള ഡ്യൂട്ടികളും ചെയ്തുകൊണ്ടിരുന്നു. ഒരു മസ്ജിദിൽ അല്പകാലം മസ്ജിദ് ഖാദിമായും പ്രവർത്തിച്ചിട്ടുണ്ട്. അവിവാഹിതനായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ പിതാവ് അബ്ദുൽ ഗനി സാഹിബ്, മാതാവ് ഗുലാം ഫാത്വിമ സാഹിബ, രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അല്ലാഹു ശഹീദ് മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് സഹിക്കാനും ക്ഷമിക്കാനുമുള്ള ശക്തി നല്കുമാറാകട്ടെ. ജമുഅയ്ക്കുശേഷം ഇൻശാ അല്ലാഹു ഞാൻ ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്.

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 12 May 2016 Issue-10

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# അമീറുൽമുഅ്മിനീനും മുഅ്മിനീംകളും

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച

**മൗലവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകൾ അവിടെ എന്നെ കാണാൻ വന്നിരുന്നു. അവരിലെ ആവേശവും കാണേണ്ടതു തന്നെയാണ്. എം.ടി. എയുടെ സൗകര്യംപോലുമില്ലാത്ത ഒരുപാടു സ്ഥലങ്ങൾ ഉണ്ടവിടെ. അതുകൊണ്ടു എം. ടി. എ കണ്ടിട്ടാണ്, ചിത്രങ്ങൾ കണ്ടിട്ടാണ് ഈ ബന്ധമുണ്ടായതെന്ന് പറയാൻ വയ്യ. പ്രത്യേക സ്നേഹവും ബന്ധവും വിളിച്ചറിയിക്കുന്നതായിരുന്നു സൽകർമകാരികളായ അവരുടെ ആവേശം. ഹസ്തദാനം ചെയ്തപ്പോഴുള്ള അവരുടെ വികാരങ്ങൾ വിവരിക്കുക എന്നത് എനിക്കു പ്രയാസമാണ്. ഒരുദാഹരണം പറയാം.

"ഹസ്തദാനം ചെയ്യാൻ ആളുകൾ വരിവരിയായി നില്ക്കുകയാണ്. ഒരാൾ കൈ മുമ്പോട്ടു നീട്ടി. ഒപ്പം വികാരാധീനനായി കരയാൻ തുടങ്ങി. ഈ ബന്ധം, ഈ സ്നേഹപ്രകടനം ഏതെങ്കിലും രാജാവുമായിട്ട് ഉണ്ടാകാറുണ്ടോ? അതല്ല, ഈ ബന്ധം അല്ലാഹുവിൽനിന്ന് ഹൃദയാന്തരങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതാണോ? തളർവാതരോഗിയായ ഒരു പഴയകാല അഹ്മദി നിർബന്ധം പിടിച്ച് 40, 50 കിലോമീറ്ററോ മൈലോ യാത്ര ചെയ്ത് എന്നെ കാണാൻ വന്നിരുന്നു. രോഗം കൊണ്ട് അദ്ദേഹത്തിന്റെ കൈ തിരിഞ്ഞു പോയിരുന്നു. ആ കൈകൾകൊണ്ട് എന്റെ കൈ അദ്ദേഹം ശക്തമായി പിടിച്ചു. എന്റെ കൈ വിലങ്ങുകൾക്കുള്ളിൽക്കുരുങ്ങിയതായി എനിക്കു അനുഭവപ്പെട്ടു. ഇത്രമാത്രം കഷ്ടപ്പാട് ഏതെങ്കിലും ഭൗതിക സുഖത്തിനായി ഒരു രോഗി സഹിക്കുമോ? ചുരുക്കം പറഞ്ഞാൽ വികാരങ്ങളുടെ വിവിധ രംഗങ്ങൾ വെളിപ്പെടുകയായിരുന്നു അവിടെ."

"ഇതേ അവസ്ഥ തന്നെയായിരുന്നു കെനിയയിലെ ദൂരദൂരയുള്ള പ്രദേശങ്ങളിലെ അഹ്മദികളിലും. ഇതേ വികാരങ്ങൾ തന്നെയായിരുന്നു ഉഗാണ്ടയിലെ ദൂരദൂര പ്രദേശങ്ങളിൽ വസിക്കുന്ന അഹ്മദികളിലും. റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു വരുമ്പോൾ അതു നിങ്ങൾ വായിക്കണം. അപ്പോൾ മനസ്സിലാകും ഖിലാഫത്തിനോടു ജനങ്ങൾക്കുള്ള ആത്മാർഥത എത്രത്തോളമാണെന്ന്. ഇൻശാഅല്ലാഹ് ഇതേ സല്കർമവും ആത്മാർഥതയും അഹ്മദിയ്യാജമാഅത്തിന്റെ എന്നെന്നുമുള്ള ദൃഢതയ്ക്കും ഖിലാഫത്തിന്റെ സുസ്ഥിരതയ്ക്കും കാരണമായി മുന്നോട്ടുപോകുന്നതാണ്.'' (അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)

ആഫ്രിക്കയിലെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ഖലീഫത്തുൽമസീഹ് പറഞ്ഞു: "ഉഗാണ്ടയിൽ വിമാനമിറങ്ങി, വിമാനത്താവളത്തിനു വെളിയിൽ വന്നപ്പോൾ ഒരു സ്ത്രീ തന്റെ 2, 3 വയസ്സുള്ള കുഞ്ഞിനേയുമെടുത്ത് കാറിനൊപ്പം ഓടാൻ തുടങ്ങി. അവരുടെ നയനങ്ങളിൽ ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള ബന്ധം തെളിഞ്ഞു കാണാമായിരുന്നു; കൂറ് പ്രകടമായിരുന്നു. കുഞ്ഞ് എന്നെ നോക്കുന്നുണ്ടായിരുന്നില്ല. അവർ ഇടയ്ക്കിടെ കുഞ്ഞിന്റെ മുഖം എന്റെ നേരെ തിരിച്ച് ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. കുഞ്ഞിനോടു നോക്ക് നോക്ക് എന്നു പറഞ്ഞുകൊണ്ടു കുറേ ഓടി. അവർ തിക്കിലുംതിരക്കിലുംപെട്ടുകൊണ്ടിരുന്നു. പക്ഷേ, അതൊന്നും അവർ വകവെച്ചില്ല. അവസാനം കുട്ടി എന്നെ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് കൈ വീശാൻ തുടങ്ങി. അപ്പോഴാണ് ആ പെറ്റുമ്മായ്ക്ക് സമാധാനമായത്. ആ കുഞ്ഞിന്റെ മുഖത്തെ തിളക്കവും സന്തോഷവും വർഷങ്ങളായിട്ടു പരിചയമുള്ളതുപോലെയായിരുന്നു. ഇത്തരം മാതാക്കളുടെ മടിത്തട്ടിൽ ഖിലാഫത്തിനോടു സ്നേഹമുള്ള കുട്ടികൾചിറകുമുളച്ചു വളരുമ്പോൾ അഹ്മദിയ്യജമാഅത്തിന് ഭാവിയെ സംബന്ധിച്ച് പിന്നെന്ത് ഭീഷണിയാണുള്ളത്'' (അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) പറയുന്നു: "എല്ലാ ആക്ഷേപങ്ങളുടേയും എതിരാളികളുടേയുമ്മേൽ വിജയിക്കുന്ന ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവസുറ്റ ഒരു മുഅ്ജിസത്താണ് അഹ്മദിയ്യാജമാഅത്തിന്റെ രൂപീകരണവും അതിന്റെ ശിക്ഷണവും അതിന്റെ പെരുമാറ്റവും അതിന്റെ കൃത്യനിർവഹണവും. അത്തരം കൃത്യനിർവഹണം ലോകത്ത് ഒരിടത്തും കാണാൻ കഴിയില്ല. ഈ ജമാഅത്തിനെ ഉദാഹരിക്കാൻ ലോകത്ത് ഒന്നുംതന്നെയില്ല. അത്തരത്തിലുള്ള അനുരക്തിയും സ്നേഹവും ബന്ധവും കാണുമ്പോൾ സ്നേഹമുണ്ടായിട്ടും അസൂയ തോന്നുന്നു. നമ്മളെക്കാൾ കൂടുതൽ ഇവർ നമ്മെ സ്നേഹിക്കുന്നില്ലേ എന്ന ആശങ്കയുമുണ്ട്. ഈ അവസ്ഥ എങ്ങനെയുള്ളതാണെന്നുവച്ചാൽ, യഥാർഥത്തിൽ ലോകത്തിന്റെ പർദയ്ക്കുള്ളിൽ അതിനുള്ള ഉദാഹരണം എടുത്തു കാണിക്കുക എന്നതു പോകട്ടെ, അതിന്റെ ചേരുവകൾക്കുപോലും ഒരു ഉദാഹരണം കാണാൻ കഴിയില്ല.''(ഖുത്ബാത്തെ ത്വാഹിർ വാല്യം 1, പേജ് 2,3)

ലണ്ടൻ മസ്ജിദ് ഇമാം മൗലാനാ അത്വാവുൽ മുജീബ് റാശിദ് സാഹിബിൽനിന്ന് നിവേദനം. കാനഡായിലെ ഒരു അഹ്മദി സ്നേഹിതൻ, അമുസ്ലിമായ ഒരു പ്രൊഫ്സർ ഡോക്ടർ ഗ്വാൽതീരിയെ ഹുസൂറിന് പരിചയപ്പെടുത്താൻ ലണ്ടനിൽ കൊണ്ടുവന്നു. കൂടിക്കാഴ്ചയ്ക്കു പോകുന്നതിനു മുമ്പേ അദ്ദേഹം എന്റെ ഓഫീസിലാണുവന്നത്. അഹ്മദി സുഹൃത്ത് അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തി. ലണ്ടനിൽ വന്നതിന്റെ ഉദ്ദേശ്യവും പറഞ്ഞു. പ്രാരംഭ പരിചയപ്പെടലിനുശേഷം ആദ്യമായി വന്നതുകൊണ്ടു, ഹുസൂറിന്റെ സ്ഥാനത്തെക്കുറിച്ചും, വ്യക്തിത്വത്തെക്കുറിച്ചും എന്തെങ്കിലും അദ്ദേഹത്തിനു പറഞ്ഞു കൊടുക്കണമെന്നു എനിക്കു തോന്നി. കുറച്ചു കാര്യങ്ങൾ ഞാൻ അദ്ദേഹത്തിനു പറഞ്ഞുകൊടുക്കുകയും ചെയ്തു. ഓരോ അഹ്മദിയുടേയും മനസ്സിൽ ഖലീഫയോടു അതിരറ്റ സ്നേഹമാണുള്ളത്. അവർ സംസാരിക്കുമ്പോൾ സ്നേഹത്തിന്റെ ഈ വശം അവരുടെ മുഖത്ത് വ്യക്തമായും തെളിഞ്ഞു വരും. ഏതാണ്ട് ഈ രീതിയിലാണ് ഞാൻ അദ്ദേഹത്തോടു സംസാരിച്ചത്. എന്താണ് അന്ന് പറഞ്ഞതെന്ന് ഇപ്പോൾ എനിക്കു നല്ല ഓർമയില്ല. പക്ഷേ, അദ്ദേഹത്തിന് ആ സംസാരം വളരെ പ്രയോജനപ്പെട്ടു. അതിനുശേഷം അദ്ദേഹം ഹുസൂറിനെ കാണാൻപോയി. ഒരുപാടുനേരം ഹുസൂറുമായി സംസാരിച്ചിരുന്നു. എന്തെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് സംസാരിച്ചതെന്ന് എനിക്കോർമയില്ല. പക്ഷേ, ഒന്നറിയാം ആ ബുദ്ധിജീവിയായ പ്രൊഫസർ കൂടിക്കാഴ്ചയുടെ രത്നച്ചുരുക്കം എത്ര മനോഹരമായിട്ടാണ് വിവരിച്ചത്. അദ്ദേഹത്തിന്റെ അഹ്മദി സുഹൃത്ത് എന്നോടു പറഞ്ഞു, "ഹുസൂറുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം പ്രൊഫസർ സാഹിബ് വെളിയിൽവന്നു. അദ്ദേഹം പറഞ്ഞു, ഇമാം സാഹിബിന്റെ സംസാരത്തിൽ നിന്ന് എനിക്കു മനസ്സിലായത് അഹ്മദീ മുസ്ലീംകൾ തങ്ങളുടെ ആത്മീയനേതാവിനെ അങ്ങേയറ്റം സ്നേഹിക്കുന്നുവെന്നാണ്. പിന്നീടു അവരുടെ ആത്മീയനേതാവുമായി സംസാരിച്ചപ്പോൾ എനിക്കൊന്നു മനസ്സിലായി, അഹ്മദികൾ തങ്ങളുടെ ആത്മീയനേതാവിനെ സ്നേഹിക്കുന്നുണ്ട് പക്ഷേ, സത്യമെന്താണെന്നുവച്ചാൽ, അവരുടെ നേതാവ് അവരെക്കാൾ കൂടുതൽ അവരെ സ്നേഹിക്കുന്ന ആളാണ്.' എത്ര നേരോടും സത്യസന്ധവുമായിട്ടാണ് ആ ബുദ്ധിജീവി ജമാഅത്തിനെ വിലയിരുത്തിയത്? (മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299)

ബഹുമാനപ്പെട്ട ചൗധരി ഹമീദുല്ലാഹ് സാഹിബ് വക്കീലുൽഅഅ്ലാ തഹ്രീക്കെ ജദീദ് പറയുന്നു: "1984 ഏപ്രിൽ 28ന് (തൊട്ടടുത്ത ദിവസമാണ് ഹുദൂർ ഹിജ്റത്ത് ചെയ്തത്)റബ്വയിലെ മസ്ജിദ് മുബാറക്കിൽ ഒരു നമസ്കാരത്തിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്. പ്രസംഗിക്കാനല്ല ഞാൻ നിങ്ങളെ ഇരുത്തിയത്. നിങ്ങളെ ഒന്നു കാണാൻവേണ്ടിയാണ്. നിങ്ങളെ കാണുമ്പോൾ എന്റെ കണ്ണുകൾക്കു കുളിർമ അനുഭവപ്പെടുന്നു. എന്റെ ഹൃദയത്തിന് സമാധാനം ലഭിക്കുന്നു. എനിക്കു നിങ്ങളോടു സ്നേഹമുണ്ട്; അനുരക്തിയുണ്ട്. അല്ലാഹുവാണ! ഇത്രമാത്രം സ്നേഹം ഒരു മാതാവിനും ഉണ്ടാകുകയില്ല.''(മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299) **(തുടരും)**

"നബി(സ)തിരുമേനി പറഞ്ഞു, 'വല്ലവനും തന്റെ ആഹാരത്തിൽ വിശാലത ലഭിക്കുവാനും തന്റെ അവധി പിന്തിപ്പിച്ച് കിട്ടുവാനും (ദീർഘായുസ്സ് ലഭിക്കുവാനും) ആഗ്രഹിക്കുന്നെങ്കിൽ അവൻ കുടുംബ ബന്ധം പുലർത്തിക്കൊള്ളട്ടെ." (ബുഖാരി ഹദീഥ് നമ്പർ 5985)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

"നബി(സ)തിരുമേനി പറഞ്ഞു, 'മുസ്ലിം സ്ത്രീകളേ! ഒരു സ്ത്രീയും തന്റെ അയൽവാസിയായ സ്ത്രീയോടു മോശമായി പെരുമാറരുത്. ആടിന്റെ ഒരു കാലാണ് കൊടുത്തയക്കാൻ കഴിയുന്നതെങ്കിൽ അത് കൊടുത്തയക്കേണ്ടതാണ്." (ഹദീഖത്തുസ്സാലിഹീൻ ഹദീഥ് നമ്പർ 426)

**ത്വാലിബെ ദുആ :**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin